# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2024 ഒക്ടോബർ 10 | ദീപം 57 | നാളം 31 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


## പാവങ്ങൾക്കു പാതയൊരുക്കിയ പാവനചരിതൻ



ഡോ. സിറിയക് തോമസ്

**രാ**മപുരത്ത് തേവർപറമ്പിൽ കെ.എം. അഗസ്റ്റിൻ എന്ന കുഞ്ഞാഗസ്തി, ഏതു മാനദണ്ഡം വച്ച് അളന്നാലും ബാല്യത്തിൽ ഒരു തനിനാടൻ ഗ്രാമീണബാലനായിരുന്നു. മറ്റു കുട്ടികളുമായുള്ള താരതമ്യത്തിൽ പറഞ്ഞാൽ മെലിഞ്ഞു തീരെ പൊക്കം കുറഞ്ഞ ഒരു പയ്യനായിരുന്നു കുഞ്ഞാഗസ്തി. പക്ഷേ, അപ്പോഴും പ്രാർഥനാനമസ്കാരങ്ങളൊക്കെ മനഃപാഠമാക്കിവയ്ക്കുന്നതിൽ വളരെ ശ്രദ്ധാലുവായിരുന്നു അദ്ദേഹം. കുടുംബത്തിൽത്തന്നെയുണ്ടായിരുന്ന രണ്ടുമൂന്നു വല്യച്ചന്മാരും അഗസ്റ്റിന്റെ പഠനപ്രാവീണ്യത്തിൽ അഭിമാനം കൊണ്ടിരുന്നവരായിരുന്നുവെന്നാണ് സതീർഥ്യരുടെ സാക്ഷ്യം. ആശാൻകളരിയിലെയും രാമപുരം സ്കൂളിലെയും പഠനം കഴിഞ്ഞപ്പോൾ



ഒക്ടോബർ 16
വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാൾ

ഹൈസ്കൂൾപഠനാർഥം അഗസ്റ്റിൻ അയയ്ക്കപ്പെട്ടത് മാന്നാനം സെന്റ് എഫ്രേംസ് സ്കൂളിലേക്കായിരുന്നു. കർമലീത്താ സന്ന്യാസവൈദികരുടെ ശിക്ഷണത്തിലായിരുന്നു അഗസ്റ്റിന്റെ പഠനപരിശീലനങ്ങൾ. അക്കാലത്ത് മീനച്ചിൽ പ്രദേശത്തുനിന്നുള്ള വിദ്യാർഥികൾ പൊതുവേ ഹൈസ്കൂൾ പഠനത്തിനായി പോയിരുന്നത് മാന്നാനത്തേക്കും തുടർപഠനത്തിനു പോയിരുന്നത് ഈശോസഭാവൈദികർ നടത്തിയിരുന്ന തൃശിനാപ്പള്ളി സെന്റ് ജോസഫ്സ് കോളജിലേക്കുമായിരുന്നു. ചുരുക്കമായി ചിലർ പാളയംകോട്ട കോളജിലേക്കും - അതും ഈശോസഭാ വൈദികരുടെ സ്ഥാപനമായിരുന്നു.

▶ 10




## പ്രതിഷേധത്തിരയിൽ മുനമ്പംതീരം

**എ**റണാകുളം ജില്ലയുടെ കടലോരപ്രദേശമായ ചെറായി, മുനമ്പം തീരങ്ങളിലെ മണൽപ്പരപ്പിൽ കാറ്റുകൊണ്ടിരിക്കാനും സായാഹ്നങ്ങളെ ആഹ്ലാദകരമാക്കാനും കേരളത്തിന്റെ പല ഭാഗങ്ങളിൽനിന്നും ആളുകളെത്താറുണ്ട്. നിറഞ്ഞ സന്തോഷത്തോടെയാകും അവരുടെ മടക്കവും. പക്ഷേ, മാസങ്ങളായി പാവപ്പെട്ട മത്സ്യത്തൊഴിലാളികളുൾപ്പെടെ ഇവിടെ താമസിക്കുന്ന സാധാരണക്കാരെ തേടിയെത്തുന്നത് ആശങ്കയുടെ തിരകളാണ്, ആകുലതകളുടെ ചുടുകാറ്റാണ്, സങ്കടങ്ങളുടെ കാർമേഘങ്ങളാണ്.

തങ്ങളുടെ കാരണവന്മാരും തങ്ങൾതന്നെയും കടലിൽ കഠിനാധ്വാനം ചെയ്തു കിട്ടിയ തുച്ഛമായ തുക സ്വരുക്കൂട്ടിവച്ച്, വിലകൊടുത്തു വാങ്ങിയ ഭൂമിക്ക്, വഖഫ്നിയമങ്ങളുടെ മറവിൽ പുതിയ അവകാശവാദങ്ങൾ ഉയരുന്നതാണ് ചെറായി, മുനമ്പം പ്രദേശങ്ങളെ സങ്കടക്കടലോരങ്ങളാക്കുന്നത്...!

### എന്താണു മുനമ്പത്തെ പ്രശ്നം?

മുനമ്പം തീരദേശത്തെ അറുന്നൂറോളം കുടുംബങ്ങളാണ് വഖഫ് അവകാശവാദത്തിന്റെ പേരിലുള്ള നിയമപരമായും സാമൂഹികവുമായുമുള്ള പ്രതിസന്ധികളുടെ കുരുക്കിലകപ്പെട്ടിരിക്കുന്നത്. ഈ ഭൂമി വഖഫാണെന്ന് ഒരു വിഭാഗം അവകാശപ്പെടുകയും അതു സംബന്ധിച്ചു വഖഫ് ആക്ടുപ്രകാരമുള്ള നടപടിക്രമങ്ങളിലേക്കു കടക്കുകയും ചെയ്തു. അതുകൊണ്ടുതന്നെ, വഖഫ് അവകാശത്തർക്കത്തിൽ തീരുമാനമാകാതെ ഈ ഭൂമി അതിന്റെ അവകാശികൾക്കു പൂർണാധികാരങ്ങളോടെ ഉപയോഗിക്കാനാവില്ലെന്നർഥം.

വില കൊടുത്തു വാങ്ങിയ സ്വന്തം ഭൂമിയാണെങ്കിലും, ആധാരങ്ങളിലും മറ്റും തങ്ങളുടെ പേരുകളുണ്ടെങ്കിലും, ഇവർക്ക് ഈ ഭൂമി വിൽക്കാനോ മക്കൾക്കു കൈമാറാനോ ഈടുവച്ചു ബാങ്കുകളിൽനിന്നു വായ്പയെടുക്കാനോ സാധിക്കാത്ത ഗുരുതരമായ സ്ഥിതി. രേഖകളിൽ ഭൂവുടമകളെങ്കിലും ഫലത്തിൽ അങ്ങനെയല്ലെന്നു പറയാതെ പറയേണ്ടിവരുന്നൊരു വല്ലാത്ത പ്രതിസന്ധി.

### ഭൂമിയുടെ അവകാശികൾ

പള്ളിപ്പുറം പഞ്ചായത്തിലെ മുനമ്പം, ചെറായി, പള്ളിപ്പുറം പ്രദേശങ്ങളിൽ താമസിക്കുന്ന അറുന്നൂറോളം കുടുംബങ്ങളാണ് വഖഫ് ബോർഡിന്റെ ഭൂമി അവകാശത്തർക്കത്തിൽ പ്രതിസന്ധിയിലായത്. തങ്ങൾ നേരിട്ടും പൂർവികരായും വില നൽകി വാങ്ങിയ ഭൂമിയുടെ പേരിലാണ് വഖഫ് ബോർഡ് 2022 മുതൽ അവകാശവാദം ഉന്നയിക്കുന്നത്. പതിറ്റാണ്ടുകളായി ഇവിടുത്തുകാർ താമസിക്കുന്ന ഭൂമിയുടെ പേരിൽ വഖഫ് അവകാശവാദം ഉയർന്നുതുടങ്ങിയിട്ട് അഞ്ചു വർഷത്തിലധികമായിട്ടില്ല. വഖഫ്നിയമങ്ങളും പാർലമെന്റിന്റെ പരിഗണനയിലുള്ള ഭേദഗതിബില്ലും സജീവ ചർച്ചയായതോടെയാണു മുനമ്പത്തെ ഭൂമിവിഷയവും ഇവിടുത്തെ ജനതയുടെമേൽ വീണ്ടും ഇരുൾപരത്തുന്നത്.

### പഠനം മുടക്കിയ ഭൂമി തർക്കം



സിജോ പൈനാടത്ത്

തീരജീവിതത്തിന്റെ ആകുലതകളിൽനിന്നു മാതാപിതാക്കൾക്കും തനിക്കും സന്തോഷകരമായ പുതുജീവിതം ഉണ്ടാകണമെന്ന ആഗ്രഹത്തിലാണ് യേശുദാസ് എന്ന മിടുക്കൻ വിദേശപഠനത്തിനായി ഒരുങ്ങിയത്. എൻജിനീയറിങ് കോഴ്സ് പൂർത്തിയാക്കിയയുടൻ, ഉപരിപഠനത്തിനു വായ്പ തേടി ബാങ്കിനെ സമീപിച്ചു. വീടും സ്ഥലവും ഈടുനൽകിയാണു വിദ്യാഭ്യാസവായ്പയ്ക്കപേക്ഷിച്ചത്. വഖഫ് ബോർഡ് അവകാശവാദം ഉന്നയിച്ചിട്ടുള്ള ഭൂമി ഈടുവച്ചു വായ്പ നൽകാനാവില്ലെന്ന നിലപാടിലാണ് യേശുദാസിന്റെ വിദേശപഠനസ്വപ്നം നിലച്ചത്.

യേശുദാസിനെപ്പോലെ പഠനവും ജീവിതവുമൊക്കെ വഴിമുട്ടിയവർ ഒന്നല്ല, അനേകരുണ്ട് മുനമ്പം, ചെറായി തീരങ്ങളിൽ. വിവാഹം, പഠനം, വീടുനിർമാണംപോലുള്ള ആവശ്യങ്ങൾക്ക് ഇവർക്കു ബാങ്കുവായ്പകളെ ആശ്രയിക്കാതെ മാർഗമില്ല. വഖഫ്വിഷയം നിലനിൽക്കുന്നതിനാൽ അതിനാവുന്നില്ല.

ലൈഫ്പദ്ധതിയിൽ വീട് അനുവദിച്ചുകിട്ടിയവർക്കുപോലും വഖഫ് അവകാശത്തർക്കത്തിന്റെപേരിൽ സർക്കാർ പണം നൽകിയിട്ടില്ല.

▶ 12

വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളിന് പ്രാർഥനാനിർഭരമായ ആശംസകൾ



# ST. PAUL'S BOYS HOSTEL

**RAMAPURAM**

---

വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ വിശുദ്ധപദവിയിലേക്ക് ഉയർത്തപ്പെടട്ടെ എന്ന പ്രാർഥനാശംസകളോടെ

Mother Superior & Community



# CARMELITE CONVENT

RAMAPURAM Ph: 04822-260357

Headmistress, Staff & Students

**S.H. GIRLS HIGH SCHOOL** RAMAPURAM Ph: 04822-260761

---



വാഴ്ത്തപ്പെട്ട കുഞ്ഞച്ചന് ഞങ്ങളുടെ പ്രാർഥനാമഞ്ജരികൾ

Mother Superior & Community

# FRANCISCAN SISTERS OF HOLY ANNUNCIATION (F.S.H.A.)

(മംഗലവാർത്തയുടെ ഫ്രാൻസിസ്കൻ സഹോദരികൾ)

- ഐങ്കൊമ്പ്
- പറത്താനം
- തങ്കമണി

---



രാമപുരത്തിന്റെ വിശുദ്ധപുഷ്പം വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ പാവനസ്മരണയ്ക്കുമുമ്പിൽ ആദരപൂർവ്വം

Mother Superior & Community

# MOUNT CARMEL CONVENT (C.M.C)

RAMAPURAM Ph: 04822 - 263399

WARDEN & STUDENTS

**CARMEL JYOTHI GIRLS HOSTEL** RAMAPURAM Ph: 04822-262336

---



വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളിന് പ്രാർഥനാനിർഭരമായ ആശംസകൾ

Mother Superior & Community


# S.H. CONVENT

VELLILAPPALLY, RAMAPURAM

Ph: 04822-260276

---

വാഴ്ത്തപ്പെട്ട കുഞ്ഞച്ചന് ഒരായിരം നന്ദി. പ്രാർഥനാപൂർവം



# ഏലിക്കുട്ടി റോക്കി & ഫാമിലി

വിച്ചാട്ട്, വെള്ളിലാപ്പള്ളി, രാമപുരം

മക്കൾ: റെയ്ന & സുനിൽ (U.S.A.), രഞ്ജിത്ത് & വീണ (ഓസ്ട്രേലിയ)

കൊച്ചുമക്കൾ : നേഹ, നോറ, നേത്തൻ, മിറിയം

# ചാരമായി ഹിസ്ബുല്ല
## പശ്ചിമേഷ്യയുടെ തലവര മാറുന്നു





അനിൽ ജെ. തയ്യിൽ

ന്യൂയോർക്കിലെ യു.എൻ. ഹെഡ് ക്വാർട്ടേഴ്സിൽ തികഞ്ഞ മേധാവിത്വത്തിന്റെ ശരീരഭാഷയിൽ മാധ്യമങ്ങളെ അഭിസംബോധന ചെയ്ത് ഇസ്രയേൽപ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു. അദ്ദേഹത്തിന്റെ ചെവിയിൽ സെക്യൂരിറ്റി ചീഫ് ഒരു നിമിഷം എന്തോ രഹസ്യം മൊഴിഞ്ഞു. യു.എസിലെ പരിപാടികൾ റദ്ദാക്കി അടിയന്തരമായി ടെൽ അവീവിലേക്കു വിമാനം കയറിയപ്പോൾ ലോകം പ്രതീക്ഷിച്ചത് ഒരു അസാധാരണവാർത്ത. തൽസമയം ബെയ്റൂട്ടിൽ കൃത്യതയുടെ കഴുകൻകണ്ണുകളുമായി ഇരമ്പിയെത്തിയ ഇസ്രായേൽ ഫൈറ്റർ ജെറ്റ് തൊടുത്ത 2000 പൗണ്ട് ഭാരമുള്ള ബങ്കർ ബസ്റ്റർ ബോംബ് തെക്കൻ ബെയ്റൂട്ടിലെ ഹിസ്ബുല്ല കാര്യാലയത്തിന്റെ നെഞ്ചകം തുരന്നു തകർത്തപ്പോൾ ലോകം അവിശ്വസനീയതയോടെ കണ്ണുചിമ്മി. സെപ്റ്റംബർ 28 ഉച്ചയ്ക്ക് 1.27 ന് ഇസ്രായേൽ ഡിഫൻസ് ഫോഴ്സ് ‘എക്സി’ൽ കുറിച്ചു: ‘ലോകത്തെ ഭീകരതയിലാഴ്ത്താൻ ഹസൻ നസ്റുല്ല ഇനിയില്ല.’

അതേ, ലോകത്ത് ഏറ്റവും സ്വാധീനശക്തിയുള്ള മതഭീകരനേതാവ്, ലെബനൻ ഭീകരസംഘടനയായ ഹിസ്ബുല്ലയെ 32 വർഷം ഇസ്രായേലിനെ ഭയന്ന് ഒളിവിലിരുന്നു നയിച്ച അവരുടെ തലവൻ ഇസ്രായേൽ വ്യോമസേനയുടെ ബോംബാക്രമണത്തിൽ കൊല്ലപ്പെട്ടു. ഒപ്പം, മകൾ സൈനബ് നസ്റുല്ലയും സതേൺ ഫ്രണ്ട് കമാൻഡർ അലി കർക്കി അടക്കമുള്ള അവരുടെ ഉന്നതനേതാക്കളും. ലോകഭീകരതയ്ക്കു വളമിട്ടുവളർത്തുന്ന ഇറാനു ഞെട്ടലായി ഇറാൻ സൈനിക ഉപമേധാവിയായ അബ്ബാസ് നിൽഫറോഷൻ അടക്കം നാല് ഇറാനിയൻ സൈനിക കമാൻഡർമാരും ഈ ആക്രമണത്തിൽ ഭീകരർക്കൊപ്പം കൊല്ലപ്പെട്ടു. പ്രസ്ഥാനത്തെ നയിക്കാൻ നാഥനില്ലാത്ത അവസ്ഥയിലായി ഹിസ്ബുല്ലയും ഹമാസും.

**ഹിസ്ബുല്ലയ്ക്കു പിഴച്ചത് എവിടെ?**

ഒക്ടോബർ ഏഴിലെ കിരാതനരവേട്ടയ്ക്കു മറുപടിയായി ഹമാസിന്റെ അന്ത്യം ലക്ഷ്യംവച്ച് ഇസ്രായേൽ പോരാട്ടം ആരംഭിച്ചതുമുതൽ ലബനനിൽനിന്ന് ഹിസ്ബുല്ല റോക്കറ്റ് ആക്രമണം തുടങ്ങിയിരുന്നു. ഹമാസിനെ നാമാവശേഷമാക്കുന്നതിൽമാത്രം ശ്രദ്ധ ചെലുത്തിയ ഐ.ഡി.എഫ്. ഹിസ്ബുല്ലയെ പ്രതിരോധിക്കുകമാത്രമാണു ചെയ്തിരുന്നത്. മിക്കവാറും എല്ലാ ഹമാസ് നേതാക്കളെയും വധിച്ചു സംഘടനയെ തകർത്ത് തങ്ങളുടെ ലക്ഷ്യം കണ്ടപ്പോൾ, പശ്ചിമേഷ്യയിൽ വലിയ സ്വാധീനമുള്ള തങ്ങളുടെ നേർക്ക് ഇസ്രയേൽ കടുത്ത ആക്രമണം നടത്തുമെന്ന് ഹിസ്ബുല്ല പ്രതീക്ഷിച്ചില്ല; അവരുടെ തലപ്പത്തിരുന്നു കളിനിയന്ത്രിക്കുന്ന ഇറാനും. എന്നാൽ, എല്ലാ സംയമനങ്ങളും വെടിഞ്ഞുകൊണ്ടുള്ള ഇസ്രയേലിന്റെ പ്രഹരം താങ്ങാവുന്നതിലും അപ്പുറമായിരുന്നു. ഇറാനല്ലാതെ മറ്റു രാജ്യങ്ങളൊന്നും താങ്കൾക്കൊപ്പമില്ലെന്നത് അവർ ചിന്തിച്ചില്ല. ഒപ്പം, ഇറാൻ നൽകുന്ന ആയുധങ്ങൾക്കു കാലപ്പഴക്കംകൊണ്ടും കൃത്യതയില്ലായ്മകൊണ്ടും സാങ്കേതികവിദ്യയിൽ ഭീമന്മാരായ ഇസ്രയേലിനെ നുള്ളിനോവിക്കാൻപോലും പറ്റുന്നതല്ല എന്നും.

ഏറെ തന്ത്രപരമായ യുദ്ധമായിരുന്നു ഹിസ്ബുല്ലയ്ക്കെതിരേ ഇസ്രയേൽ ആസൂത്രണം ചെയ്തത്. അയ്യായിരത്തോളം പേജർ - വാക്കിടോക്കി സ്ഫോടനങ്ങളിലൂടെ മൊസാദ് നടത്തിയ ഓപ്പറേഷൻ അടിത്തട്ടിലുള്ള ചെറുഗ്രൂപ്പ് നേതാക്കളെ തകർത്തതോടെ ഏകോപനവും ആശയവിനിമയശൃംഖലയും താറുമാറായി. ഒപ്പംതന്നെ, ഹിസ്ബുല്ലയുടെ തലപ്പത്തേക്കു വരാൻ സാധ്യതയുള്ള രണ്ടാംനിര നേതാക്കളിൽ ഭൂരിപക്ഷത്തെയും വധിച്ചു. ഹിസ്ബുല്ലയുടെ സീനിയർ ഫീൽഡ് കമാൻഡർ താലിബ് അബ്ദുള്ള, സീനിയർ കമാൻഡർ മുഹമ്മദ് നാസർ, നാസറുല്ലയുടെ പിൻഗാമി എന്നു കരുതിയിരുന്ന സീനിയർ കമാൻഡർ ഫുവാദ് ഷുക്കൂർ, സ്പെഷ്യൽ ഫോഴ്സ് മേധാവി അഹമ്മദ് വാഹ്ബി, ഓപ്പറേഷൻ കമാൻഡർ ഇബ്രാഹിം അകിൽ, റോക്കറ്റ് വിഭാഗം കമാൻഡർ ഇബ്രാഹിം ഖുബൈസി, സതേൻ ഫ്രണ്ട് കമാൻഡർ അലി കിർക്കി, പ്രിവന്റീവ് സെക്യൂരിറ്റി യൂണിറ്റ് കമാൻഡർ ഖലീൽ യാസീൻ തുടങ്ങിയവർ ഇല്ലാതായതോടെ നയിക്കാൻ കപ്പിത്താനില്ലാത്ത കപ്പലായിമാറി ഹിസ്ബുല്ല.

രണ്ടാം നിരയിൽ അവശേഷിക്കുന്ന രണ്ടോ മൂന്നോ പേരിൽ ഒരാളായ ഹാഷിം സഫിയേദ് ഹിസ്ബുല്ല തലവനായി നിയമിക്കപ്പെട്ടിട്ടുണ്ട്. ഹിസ്ബുല്ല - ഹമാസ് തലവൻ എന്നുപറഞ്ഞാൽ മരണം അടുത്തു എന്നുതന്നെയാണ് അർഥം. ഹമാസ് നേതാവ് യാഹ്യാ സിൻവാർ എവിടെയാണെന്ന് അവർക്കുപോലും അറിയില്ല.

**തൊലി ഉരിക്കപ്പെട്ട് ഇറാൻ**

ആയുധങ്ങളും പണവും നൽകി ഒരു ഷിയാ മുസ്ലിംലോകം സ്വപ്നംകണ്ട് ഇറാൻ പാലൂട്ടിവളർത്തുന്ന ചെന്നായ്ക്കൂട്ടങ്ങളാണ് ഹിസ്ബുല്ല, ഹൂതി തുടങ്ങിയ ഭീകരസംഘടനകൾ. തങ്ങളുടെ പ്രഖ്യാപിതശത്രുവായ ഇസ്രയേലിനെതിരേ സുന്നിഭീകരസംഘടനയായ ഹമാസിനെ അവർ ഉപയോഗിച്ചു എന്നുമാത്രം. (ഭീകരത ഒരു ബിസിനസ് ആകുമ്പോൾ അതിൽ വിട്ടുവീഴ്ചയും ആവാമല്ലോ) പേജർ ആക്രമണത്തിൽ ഇറാൻ അംബാസിഡർ മൊജ്താബ് അമാനിക്കു പരിക്കേറ്റതും സൈന്യത്തിന്റെ ഉപമേധാവി അബ്ബാസ് നിൽഫറോഷൻ അടക്കം നാലുസൈനിക കമാൻഡർമാർ നസ്റുല്ലയ്ക്കൊപ്പം കൊല്ലപ്പെട്ടതും പശ്ചിമേഷ്യൻ ഭീകരപ്രവർത്തനങ്ങളിലെ ഇറാന്റെ പങ്ക് ലോകത്തിനു മുമ്പിൽ അനാവൃതമാക്കി. മുൻപ്രസിഡന്റ് ഇബ്രാഹിം റൈസ് ഹെലികോപ്റ്റർ അപകടത്തിൽ കൊല്ലപ്പെട്ടതിനു പിന്നിൽ ഇസ്രയേലിന്റെ കരങ്ങളുണ്ടെന്ന് ആരോപിക്കുന്ന ഇറാൻ, പെസസ്കിയാന്റെ സ്ഥാനാരോഹണത്തിനെത്തിയ അവരുടെ വിശിഷ്ടാതിഥിയും ഹമാസ്ഭീകരപ്രസ്ഥാനത്തിന്റെ തലവനുമായ ഇസ്മയിൽ ഹനിയയെ ടെഹ്റാനിൽ ഇറാനിയൻപട്ടാളക്കാരുടെ സഹകരണത്തോടെ മൊസാദ് കൊലപ്പെടുത്തിയിട്ടും അനങ്ങിയിട്ടില്ല. ലെബനോനിലെ എയർ ട്രാഫിക് കൺട്രോൾ ടവർ ഹൈജാക്ക് ചെയ്ത ഇസ്രയേൽ ഇക്കഴിഞ്ഞ ദിവസം ബെയ്റൂട്ട് വിമാനത്താവളത്തിൽ ഭീകരർക്കുള്ള ആയുധങ്ങളുമായി എത്തിയ ഇറാനിയൻ ബോയിങ് 747 വിമാനം ലാൻഡ് ചെയ്യാൻ അനുവദിക്കാതെ തിരിച്ചുവിട്ടതും ഇറാനു നാണക്കേടായി. തിരിച്ചടിക്കും എന്നൊക്കെപ്പറഞ്ഞ അവരുടെ മത-രാഷ്ട്ര-പരമോന്നത നേതാവ് ആയത്തുള്ള ഖൊമൈനി പ്രാണരക്ഷാർഥം ഒളിവിൽ പോവുകയാണു ചെയ്തിരിക്കുന്നത്.

**തിരിച്ചടിക്കുമോ ഇറാൻ?**

വാളെടുത്തവൻ വാളാലേ എന്നു പറഞ്ഞതുപോലെ ഇറാൻ വിലകൊടുത്തു വാങ്ങിയ ദുരന്തമാണ് ഇപ്പോൾ അനുഭവിക്കുന്നത്. ആക്രമിക്കാൻ ഉത്തരവിട്ടശേഷം യു.എൻ. അസംബ്ലിയിൽ ശത്രുരാജ്യങ്ങൾക്കുമുമ്പാകെ തന്റെ നിലപാടു വ്യക്തമാക്കിയ നെതന്യാഹു ഇറാനെയും ഭീകരസംഘടനകളെയും സഹായിക്കുന്നവർക്കു വ്യക്തമായ താക്കീതാണു നൽകിയത്. ഇറാനെ ‘ലോകത്തിന്റെ ശാപം’ എന്നു വിശേഷിപ്പിച്ച അദ്ദേഹം തങ്ങളുടെ കൈയെത്താത്ത ഒരു സ്ഥലവും ഇറാനിലെന്നല്ല, പശ്ചിമേഷ്യയിൽ ഒരിടത്തുമില്ലെന്ന് ടെഹ്റാൻ ഓർത്തുവയ്ക്കണമെന്ന് ശക്തമായ മുന്നറിയിപ്പു നൽകി. പ്രസംഗം കഴിഞ്ഞ് അദ്ദേഹം പുറത്തിറങ്ങിയപ്പോഴേക്കും ഇസ്രായേൽസേന നസ്റുല്ലയെ വധിച്ചു കഴിഞ്ഞിരുന്നു. ഇത്രത്തോളം കൃത്യതയോടെയും സാങ്കേതികമികവോടെയും പ്രവർത്തിക്കുന്ന ഇസ്രയേലിനുമുമ്പിൽ ഉപരോധത്താൽ വലയുന്ന, വർഷങ്ങൾ പഴക്കമുള്ള സാങ്കേതികവിദ്യ ചുമക്കുന്ന ഇറാൻ വെറും ശിശുവാണ്. രാജ്യത്തെ രക്ഷിക്കേണ്ട ഉന്നത സൈനികകമാൻഡർമാർ ജീവരക്ഷാർഥം ഒളിവിൽ പോയ ലോകത്തെ ഏകരാജ്യം ഇറാനാവും. ലോകത്തെ വൻശക്തികളും സൗദി അറേബ്യ അടക്കമുള്ള പല അറബുരാജ്യങ്ങളും ഇസ്രയേലിനെ പിന്തുണയ്ക്കുമ്പോൾ ഉപരോധത്താൽ വലയുന്ന ഇറാന് സ്വയം വികസിപ്പിച്ച ചില ആയുധങ്ങളല്ലാതെ മികച്ചതൊന്നുമില്ല. പേജർയുഗത്തിൽ ജീവിക്കുന്ന, ആധുനികവാർത്താവിനിമയസൗകര്യങ്ങൾ ഉപയോഗിക്കാനാവാത്ത സൈന്യത്തിന്റെ ആയുധങ്ങളും കൃത്യതയില്ലാത്തവയാണ്. തിരിച്ചടിക്കാൻപോയിട്ട് ചെറുവിരൽ അനക്കാൻപോലുമാവാത്ത ഇരുണ്ടരാജ്യത്തെ പ്രധാനമന്ത്രി, ‘ഞങ്ങളെ യുദ്ധത്തിലേക്കു വലിച്ചിഴയ്ക്കാൻ ഇസ്രയേൽ ഏറെക്കാലമായി ശ്രമിക്കുന്നു. പക്ഷേ, ഞങ്ങൾ ആ കെണിയിൽ കുടുങ്ങിയിട്ടില്ല’ എന്നാണ് ഗാർഡിയൻ പത്രത്തിനു നൽകിയ അഭിമുഖത്തിൽ പറഞ്ഞത്. ഇറാനുമായി ഒരു നേർയുദ്ധം ഇസ്രയേലും അമേരിക്കയും ആഗ്രഹിക്കുന്നുണ്ട് എന്നതു ശരിതന്നെ. ലോക ഇസ്ലാമികഭീകരതയെ പാലൂട്ടി വളർത്തുന്ന ഇറാന്റെ ഉന്മൂലനംതന്നെയാണ് ലക്ഷ്യം. ചില ഭീകരസംഘടനകളല്ലാതെ തങ്ങളെ പിന്തുണയ്ക്കുന്ന ഏക വലിയ രാജ്യമായ റഷ്യ, യുക്രെയ്ൻ യുദ്ധത്തിൽപ്പെട്ടുകിടക്കുന്നത് ഇറാനു തിരിച്ചടിയുമായി. ഹമാസിനെയും ഹിസ്ബുല്ലയെയും ഇസ്രയേൽ തകർത്തതോടെ ചിറകൊടിഞ്ഞ പക്ഷിയായി മാറിയ ഇറാൻ ഒരു യുദ്ധത്തിനിറങ്ങാൻ ഏറെ ആലോചിക്കണം. ഹിസ്ബുല്ല തലവൻ നസ്റുല്ലയുടെ മരണം ഇറാനിലും തുർക്കിയിലും സിറിയയിലും ജനങ്ങൾ തെരുവിലിറങ്ങി ആഹ്ലാദിച്ചാഘോഷിച്ചത് സ്വന്തം ജനങ്ങൾ തങ്ങൾക്കെതിരാണ് എന്ന ചിന്തയും അവരിൽ ഉണ്ടാക്കിയിട്ടുണ്ട്.

**രണ്ടും കല്പിച്ച് ഇസ്രയേൽ**

22145 ചതുരശ്ര കിലോമീറ്റർമാത്രം വിസ്തൃതിയുള്ള, ഒരു കോടിക്ക് അടുത്തുമാത്രം ജനസംഖ്യയുള്ള ഇസ്രയേൽ എന്ന കൊച്ചുരാജ്യം (കേരളത്തിന്റെ വിസ്തൃതി 38863 ചതുരശ്ര കിലോമീറ്റർ, ജനസംഖ്യ മൂന്നരക്കോടിക്കുമേൽ) ചങ്കുറപ്പിന്റെയും സാങ്കേതികവിദ്യയുടെയും ബലത്തിൽ ലോകത്തിന്റെ തലവര മാറ്റിവരയ്ക്കുന്ന കാഴ്ചയുടെ കാലമാണിത്. മറ്റേതു സമൂഹത്തിനും കുടിയേറിപ്പാർക്കാൻ അവരവരുടേതായ രാജ്യങ്ങൾ ലോകത്തുള്ളപ്പോൾ ജൂതന് ഇസ്രയേൽ മാത്രമേയുള്ളൂ എന്നതുകൊണ്ടുതന്നെ അവർക്കിതു നിലനില്പിന്റെ പോരാട്ടമാണ്. യുദ്ധങ്ങളുടെ ചരിത്രം മാത്രമുള്ള ജൂതന് ഇതു പുത്തരിയല്ല. ഹിസ്ബുല്ലയ്ക്ക് തിരിച്ചടി നൽകിയ ഇസ്രയേലിന്റെ അടുത്ത ലക്ഷ്യം ഹൂതികളാവുമെന്ന നിഗമനം ശരിവച്ചുകൊണ്ട് സിറിയയിലെ ഹൂതി കേന്ദ്രങ്ങളിൽ ശക്തമായ ആക്രമണമാണ് ഇസ്രയേൽ തുടങ്ങിവച്ചിരിക്കുന്നത്. 37 ഭീകരർ കൊല്ലപ്പെടുകയും മുന്നൂറിലേറെ പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. സിറിയയിൽ നിന്നെത്തിക്കുന്ന ആയുധഭാഗങ്ങൾ കൂട്ടിച്ചേർത്ത് മാരകായുധങ്ങൾ നിർമിക്കുന്ന പ്ലാന്റ് ലെബനനിലെ ബെക്കായിൽ ഇസ്രയേൽസേന തകർത്തിരുന്നു. ഇതിനെത്തുടർന്നാണ് സിറിയയിലേക്ക് ആക്രമണം കനപ്പിച്ചത്. ഹൂതി ആക്രമണത്താൽ പൊറുതിമുട്ടുന്ന സൗദി അറേബ്യയുടെ പിന്തുണയും ഇവിടെ ഇസ്രയേലിനുണ്ട്. തെക്കൻ ലബനനിൽ ഹിസ്ബുല്ലയെ നിലംപരിശാക്കിയ ഇസ്രയേൽ വ്യോമസേന, സെപ്റ്റംബർ 30 ന് യമനിലെ ഹൂതികളുടെ ശക്തികേന്ദ്രങ്ങളായ ഹുദൈദ, റാസ് ഐസ തുറമുഖങ്ങളിൽ കനത്ത വ്യോമാക്രമണം നടത്തി. ഹൂതികൾക്ക് ആയുധമെത്തുന്ന തുറമുഖങ്ങൾ തകർക്കപ്പെടുകയും നാലു ഭീകരർ കൊല്ലപ്പെടുകയും 29 പേർക്കു പരിക്കേൽക്കുകയും ചെയ്ത ആക്രമണത്തിൽ യു.എസ്. സെൻട്രൽ കമാൻഡന്റും പങ്കെടുത്തു. ലബനനു പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് ഇസ്രായേലിലെ ബെൻ ഗൂറിയൻ അന്താരാഷ്ട്ര വിമാനത്താവളം ലക്ഷ്യമാക്കി ഹൂതികൾ റോക്കറ്റ് അയച്ചതിന്റെ തിരിച്ചടിയാണിതെന്ന് ഐ.ഡി.എഫ്. വക്താവ് വ്യക്തമാക്കി. കൂടാതെ, ഭീകരസംഘടനയായ പോപ്പുലർ ഫ്രണ്ട് ഓഫ് ലിബറേഷൻ പലസ്തീന്റെ മൂന്നു നേതാക്കൾ കൊല്ലപ്പെട്ടതായും അവർ അറിയിച്ചു.

ഇസ്രയേൽരാഷ്ട്രത്തിന്റെ പരമാധികാരത്തിനു ഭീഷണിയാകുന്ന ശത്രുക്കൾ ലോകത്ത് എവിടെയാണെങ്കിലും തങ്ങൾ ബാക്കിവയ്ക്കില്ലെന്ന നെതന്യാഹുവിന്റെ പ്രഖ്യാപനം അക്ഷരാർഥത്തിൽ നടപ്പാവുകയാണ്. ഇസ്ലാമികഭീകരതയുടെ വേരറുക്കുന്നതോടെ ലബനനിൽ അടിമകളെപ്പോലെ കഴിയുന്ന ക്രൈസ്തവർക്ക് സ്വാതന്ത്ര്യം ലഭിക്കുമെന്നു പ്രതീക്ഷിക്കാം.

# കാൻസറിനെ ഭയപ്പെടുംമുമ്പ്



ഡോ. അഗസ്റ്റിൻ കുന്നത്തേടം

**ഇ**ന്ന് മനുഷ്യനെ ഗുരുതരമായി ബാധിക്കുന്ന ഒരു സാമൂഹികവിപത്തായി മാറിയിരിക്കുകയാണ് കാൻസർ. ഒപ്പംതന്നെ, പ്രമേഹ- കിഡ്നി രോഗങ്ങളും സമൂഹത്തിൽ വർധിച്ചുകൊണ്ടിരിക്കുന്നു. ജീവിതശൈലിയിലും ഭക്ഷണക്രമത്തിലും നേരത്തേതന്നെ ശ്രദ്ധിച്ചുതുടങ്ങിയാൽ ഈ രോഗങ്ങളൊക്കെയും വരാതിരിക്കാനും വന്നാൽത്തന്നെ വരുതിയിൽ നിറുത്താനും സാധിക്കുമെന്നത് ആരോഗ്യരംഗത്തുള്ളവർ ചൂണ്ടിക്കാണിക്കുന്ന ഒരു പ്രധാന കാര്യമാണ്.

കാൻസർരോഗത്തെ സംബന്ധിച്ച് എല്ലാവരും അറിഞ്ഞിരിക്കേണ്ട ഏതാനും കാര്യങ്ങൾ താഴെക്കൊടുക്കുന്നു:

1. ഭക്ഷണംവഴി ശരീരത്തിൽ എത്തുന്ന പോളി അരോമാറ്റിക് രാസവസ്തുക്കൾ ഹൈഡ്രോക്സി സംയുക്തങ്ങളായിത്തീർന്നാൽ അവ കാൻസർജനകമായി മാറും.



2. പുകയിലയുപയോഗം ഒരു തരത്തിലും പാടില്ല. മുറുക്കും പുകവലിയും ശ്വാസകോശം, സ്തനങ്ങൾ, വയറ്, ശരീരത്തിനുള്ളിലുള്ള വിവിധസഞ്ചികൾ, കരൾ, വായ, ശബ്ദപേടകം, തൊണ്ട, സ്വരനാളങ്ങൾ, അന്നനാളം, പാൻക്രിയാസ്, വൃക്കകൾ, ഗർഭാശയഗളം, ആമാശയം തുടങ്ങിയവയെ ബാധിക്കുകയും ഗുരുതരമായ മൈലോയിഡ് ലൂക്കീമിയപോലുള്ള കാൻസർജന്യരോഗങ്ങൾക്കിടയാക്കുകയും ചെയ്യും.



3. ശരീരഭാരം മിതമായിരിക്കാൻ ശ്രദ്ധിക്കുക. പൊണ്ണത്തടിയുള്ളവർക്ക് ആമാശയകാൻസറിനും ആർത്തവകാലം നിലച്ചവരിൽ പ്രത്യക്ഷമാവുന്ന സ്തനാർബുദത്തിനും, മറ്റു സ്ഥാനങ്ങളായ ഗാൾബ്ലാഡർ, വൃക്കകൾ, കരൾ, ഈസോഫാഗസ് (അന്നനാളത്തിനു മുകൾഭാഗം), അണ്ഡാശയം, പാൻക്രിയാസ്, പ്രോസ്റ്റേറ്റുഗ്ലാൻഡ്, ആമാശയമുഖം, ഗർഭാശയം എന്നിവിടങ്ങളിൽ ഉണ്ടാകുന്ന കാൻസറിനും കാരണമാവുന്നു.

പൊണ്ണത്തടിയുള്ളവരുടെ അരച്ചുറ്റളവ് പുരുഷന്മാർക്ക് 37 ഇഞ്ചിനും സ്ത്രീകൾക്ക് 31.5 ഇഞ്ചിനും താഴെയായിരിക്കണം. മറ്റുള്ളവരിൽ ആരോഗ്യകരമായ ബിഎംഐ 18.5 – 24.9 പരിധിയിൽ വരണം.

4. മദ്യപാനം ഇല്ലെങ്കിൽ വളരെ നല്ലത്. ഉള്ളവർ പൂർണമായും ഒഴിവാക്കേണ്ടതാണ്. കാരണം, മദ്യപാനം വായ, മൂർധാവ്, തൊണ്ടക്കുഴി, അന്നനാളം, കരൾ, സ്തനം, പാൻക്രിയാസ് എന്നിവയെ ബാധിക്കുന്ന ഏഴിനം കാൻസറുകൾക്ക് ഇടയാക്കുന്നു.

5. പൂരിതമാക്കപ്പെട്ട സസ്യ എണ്ണകൾ ഒഴിവാക്കുക. കാരണം, അവയിൽനിന്ന് ട്രാൻസ് കൊഴുപ്പുകളുണ്ടാകും. കൂടുതൽ വറുത്തെടുത്തവ (ഉദാ: പൊട്ടറ്റോ ചിപ്സ്), പോപ്പ്കോൺ, ഊർജദായക മധുരപാനീയങ്ങൾ (ഉദാ: കൊക്കക്കോള), ചില ഭക്ഷ്യവസ്തുക്കൾ (ഉദാ: പാൽക്കട്ടി, കേക്ക് തുടങ്ങിയവ), ചുവന്നയിനം മാംസങ്ങൾ (കാള, പന്നി, ആട്) എന്നിവയും പൂർണമായും വർജിക്കേണ്ടതാണ്. വെളുത്തമാംസമുള്ള കോഴി, മീൻ എന്നിവ ഭക്ഷണത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

6. ഉപ്പിന്റെ ഉപയോഗം ദിവസം ആറുഗ്രാമിൽ കൂടരുത്. ഉപ്പലിട്ടവയും കഴിവതും ഒഴിവാക്കുക.

7. കഫീനുള്ള ഭക്ഷണങ്ങൾ അധികമായാൽ സ്തനാർബുദത്തിനിടയാക്കും. സ്തനപരിശോധന നടത്തി ഭക്ഷണം ക്രമീകരിക്കണം.

8. മുഴുധാന്യങ്ങളും സസ്യോത്പന്നങ്ങളും കായ്കളും വിവിധയിനം പരിപ്പുകളും പയറിനങ്ങളും ഭക്ഷണത്തിൽ ഉൾപ്പെടുത്തുക. ദിവസവും 400 ഗ്രാം കായ്കളും മറ്റു വിളകളും കഴിച്ചാൽ ഹൃദ്രോഗം, സ്ട്രോക്ക്, ചിലയിനം കാൻസറുകൾ എന്നിവ തടയാം.

9. കനത്തചൂടിൽ വറുത്തെടുത്തവ (ഉദാ: ഫ്രഞ്ച് ഫ്രൈസ്, പൊരിച്ച ചിക്കൻ, മീൻ)തുടരെ കഴിച്ചാൽ കാൻസറുണ്ടാകും.

10. കുട്ടികളെ രണ്ടു വയസ്സുവരെയെങ്കിലും മുലപ്പാൽ കുടിപ്പിക്കുന്നതും പ്രസവം 25 വയസ്സിനുമുമ്പ് ഉണ്ടാകാതെ ശ്രദ്ധിക്കുന്നതും സ്തനാർബുദസാധ്യത തടയുന്നു. വണ്ണമുള്ളവർ അതു കൂടാതിരിക്കാൻ കൊഴുപ്പുള്ള ഭക്ഷണങ്ങൾ വർജിക്കണം. വ്യായാമങ്ങളും ശരീരാധ്വാനവും സ്നാർബുദസാധ്യത കുറയ്ക്കുന്നു.

ന്യൂട്രീഷണൽ ഔഷധങ്ങൾ നിറഞ്ഞ ഭക്ഷണരീതി കാൻസറിനെ തടയുന്നതിന് ഏറെ പ്രയോജനപ്രദമാണ്. ഭക്ഷ്യൗഷധങ്ങളും വ്യായാമവും രോഗപ്രതിരോധകോശങ്ങളായ ബി, റ്റി., എൻ, എൻകെ മാക്രോഫേജുകൾ എന്നിവയെ ഉത്തേജിപ്പിക്കുന്നു. തദ്വാരാ സാംക്രമികരോഗങ്ങളെയും മറ്റു രോഗങ്ങളെയും തടയാനാകും. കാൻസർബാധ നേരത്തേ കണ്ടുപിടിച്ചാൽ കൃത്യമായ ചികിത്സയിലൂടെ രോഗം പൂർണമായും ഭേദമാക്കാൻ സാധിക്കും. ■

# ദയാവധത്തിനുള്ള അനുവാദം കൊലപാതകത്തിനും ആത്മഹത്യയ്ക്കും വഴിയൊരുക്കുന്നത്: പ്രൊ ലൈഫ് അപ്പോസ്തലേറ്റ്

കൊച്ചി: ഗുരുതരാവസ്ഥയിൽ കഴിയുന്ന രോഗികൾക്ക് അവരുടെയോ ഏറ്റവുമടുത്ത ബന്ധുക്കളുടെയോ അനുമതിയോടെയുള്ള നിഷ്ക്രിയ 'ദയാവധ'മനുവദിക്കുന്നതിൽ ഡോക്ടർമാർക്ക് ഉചിതമായ തീരുമാനമെടുക്കാമെന്ന കേന്ദ്രസർക്കാർനയം മനുഷ്യജീവന്റെ മഹത്ത്വത്തെ അംഗീകരിക്കുകയോ ആദരിക്കുകയോ ചെയ്യുന്നതല്ലെന്ന് പ്രൊലൈഫ് അപ്പോസ്തലേറ്റ്.

കേന്ദ്രസർക്കാരിന്റെ ആരോഗ്യമന്ത്രാലയം പുറത്തിറക്കിയ കരടുപെരുമാറ്റച്ചട്ടങ്ങളിലെ വ്യവസ്ഥകൾ പുനഃപരിശോധിക്കണം.

ജീവന്റെ സംസ്കാരത്തിൽ വിശ്വസിക്കുകയും ജീവിക്കുകയും ചെയ്യുന്നവർ കരടുപെരുമാറ്റച്ചട്ടങ്ങളെക്കുറിച്ച് സർക്കാർ നിർദേശിച്ച അവസാനതീയതിയായ ഒക്ടോബർ 20 മുമ്പ് അഭിപ്രായങ്ങൾ അറിയിക്കണമെന്ന് പ്രൊ ലൈഫ് അപ്പോസ്തലേറ്റ് എക്സിക്യൂട്ടീവ് സെക്രട്ടറി സാബു ജോസ് അഭ്യർഥിച്ചു.

ആരോഗ്യം ക്ഷയിക്കുമ്പോൾ ജീവിതമവസാനിപ്പിക്കാമെന്ന തീരുമാനമെടുത്ത രാജ്യങ്ങളിൽപ്പോലും ഈ തീരുമാനം പുനഃപരിശോധിക്കണമെന്ന ആവശ്യമുയരുമ്പോൾ ഭാരതത്തിൽ ജീവൻവിരുദ്ധ മനോഭാവങ്ങളെ പിന്തുണയ്ക്കരുതെന്നും പ്രയോജനക്ഷമതയും വരുമാനവും സാഹചര്യങ്ങളും നോക്കി ജീവിതമവസാനിപ്പിക്കാനുള്ള സാഹചര്യം സൃഷ്ടിക്കരുതെന്നും അദ്ദേഹം പറഞ്ഞു.

ഒരു വ്യക്തി തന്റെ സ്വതന്ത്രമായ തീരുമാനഫലമായി രൂപപ്പെടുത്തിയതല്ല അവന്റെ ജീവൻ. അതുകൊണ്ടുതന്നെ ഒരു കാരണവശാലും അതിനു വിരാമമിടാനും അവനു സാധിക്കില്ല.

ആതുരസേവനരംഗത്തു പ്രവർത്തിക്കുന്നവരുടെ കടമ ജീവൻ രക്ഷിക്കലും ജീവൻ നീട്ടിക്കൊണ്ടുപോകലും മാത്രമല്ല. രക്ഷിക്കാൻ കഴിയാത്തവരെ മരണംവരെ സ്നേഹനിർഭരമായി പരിചരിക്കുകയെന്നതും അത്രയുംതന്നെ പ്രാധാന്യമർഹിക്കുന്ന കർത്തവ്യമാണ്.

ഉപകാരപ്രദമല്ലാത്ത ചികിത്സ ഉപേക്ഷിക്കാനും വേദനയിൽനിന്നും സഹനത്തിൽനിന്നും ശമനം ലഭിക്കാനും മറ്റുള്ളവരുടെ സ്നേഹനിർഭരമായ സാമീപ്യവും ശ്രദ്ധയും ലഭിക്കാനും രോഗിക്ക് അവസരമുണ്ടാക്കണം. ഈ അവസ്ഥയിലും താൻ സ്നേഹിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യുന്ന അനുഭവം രോഗിക്കു ലഭിക്കണം.

ദയാവധം, കാരുണ്യവധം എന്നിങ്ങനെ ആകർഷകമായ വിവിധ പേരിൽ വിളിക്കുമ്പോൾത്തന്നെ അത് ആത്മഹത്യയോ കൊലപാതകമോ ആയതുകൊണ്ട് എപ്പോഴും ഒഴിവാക്കേണ്ട പ്രവൃത്തിയാണ്.

പ്രതീക്ഷയറ്റ മാറാരോഗികൾ ദയാവധം ആവശ്യപ്പെടുന്നുവെങ്കിൽ യഥാർഥത്തിൽ അവർ തേടുന്നതു ക്രൂരമായ വധമല്ല; മറിച്ച്, അവർ നിരാശയിൽ സ്നേഹത്തിനും കരുതലിനുംവേണ്ടി നിലവിളിക്കുകയാണെന്നു സമൂഹം തിരിച്ചറിയണം.

സ്നേഹോഷ്മളമായ പരിചരണം രോഗികൾക്കു നൽകുന്നതിനുള്ള കടമയുണ്ടെന്ന സങ്കല്പമാണ് ദയാവധചിന്തകൾവഴി തകരുന്നത്.

ഇത്തരമൊരു നിയമനിർമാണം രോഗികൾക്കുമാത്രമല്ല, വൃദ്ധർക്കും ദരിദ്രർക്കും വികലാംഗർക്കുമെല്ലാം ഭീഷണിയാകുമെന്നും മറക്കരുത്.

ജീവന്റെ പവിത്രതയെക്കുറിച്ചുള്ള സമൂഹത്തിന്റെ ആത്മീയവും ധാർമികവുമായ ബോധ്യങ്ങൾ തകർക്കുന്ന ഒരു പ്രവണത ദയാവധത്തോടും ആത്മഹത്യയോടുമുള്ള നിലപാടിൽ കാണുന്നു.

മരണസംസ്കാരത്തിനു വഴിയൊരുക്കുന്ന നിയമനിർമാണനീക്കത്തിൽനിന്നു സർക്കാർ പിന്തിരിയണമെന്നും സമൂഹത്തിന്റെ പ്രാർഥനയും പ്രതികരണവും പ്രവർത്തനവും ആവശ്യമാണെന്നും പ്രൊലൈഫ് അപ്പോസ്തലേറ്റ് പ്രസ്താവനയിൽ അഭ്യർഥിച്ചു.

# ഞെട്ടിപ്പിക്കുന്ന ഹേമ കമ്മിറ്റി റിപ്പോർട്ട്

# കല കച്ചവടമായാൽ!



ഡോ. തോമസ് മൂലയിൽ

സംവിധായകൻ ആലപ്പി അഷറഫ് ഒരഭിമുഖത്തിൽ പറഞ്ഞത് ഓർമിക്കുന്നു. പണമുണ്ടെങ്കിൽ ആർക്കും സിനിമാ പ്രൊഡ്യൂസറാകാം; കലയും സാഹിത്യവുമായി പുലബന്ധംപോലും വേണമെന്നില്ല! "പണംകൊണ്ടെറിഞ്ഞാലേ പണം കിട്ടൂ." "പണത്തിനുമീതെ പരുന്തും പറക്കാ"

"പണമുള്ളവനേ മണമുള്ളൂ"

"പണമില്ലാത്തവൻ പിണം"

ഈ പഴഞ്ചൊല്ലുകളിലൊന്നും പതിരില്ല.

കച്ചവടമുറപ്പിക്കുന്നതിനുമുമ്പ് സംവിധായകൻ ചോദിക്കുന്ന ഒരു ചോദ്യമുണ്ട്: "എത്ര മുടക്കാം?" "എത്ര വേണമെന്നു പറഞ്ഞോളൂ." ഇങ്ങനെ പറയാൻ പറ്റുന്നവനു പടമെടുക്കാം. ഇങ്ങനെയൊരുത്തരം കിട്ടിയാൽപ്പിന്നെ തീരുമാനങ്ങളെല്ലാം സംവിധായകന്റേതാണ്. ആരു കഥയെഴുതണം? കഥ എന്താകണം? എന്താകരുത്? എന്തെല്ലാം ചേരുവകൾ ഉണ്ടാവണം?

ഇതെല്ലാം സംവിധായകന്റെ തീരുമാനമാണ്. സ്വാഭാവികമായും കഥാകൃത്ത് പേരുള്ളയാളാകണം; ഒപ്പംതന്നെ, അഡ്ജസ്റ്റുമെന്റിനു വഴങ്ങണം. എങ്കിൽപ്പിന്നെ, എന്തെഴുതിയാലും ഓക്കെ. അഭിനേതാക്കളെ തീരുമാനിക്കുന്നതു കഥാകൃത്തും സംവിധായകനും ചേർന്നാണ്. ഇരുകൂട്ടരുടെയും റോൾ 'ഫിഫ്റ്റി, ഫിഫ്റ്റി'യാണ്. സ്റ്റാർവാല്യൂ ഉള്ളവർക്കേ റോൾ ഉണ്ടാവുകയുള്ളൂ. മൊത്തം എല്ലാം 'അഡ്ജസ്റ്റുമെന്റാ'ണ്. ചേരുവകളുടെ കൂട്ടത്തിൽ 'സ്റ്റണ്ടും', 'സെക്സും', 'ഡ്രിങ്ക്സും', 'ഡ്രഗ്സും' നിർബന്ധമാണ്. പിന്നെ, തക്കിടതരികിട പാട്ടുകളും അവയ്ക്കൊപ്പിച്ചുള്ള നൃത്തതാണ്ഡവും വേണം. ഡ്രസ് മിനിമമേയാകാവൂ; പ്രത്യേകിച്ചു നടികൾക്ക്! ചുരുക്കത്തിൽ, അതിരുകളോ അരുതുകളോ ഒന്നുമില്ല; എന്തുമാകാം. ഇത്രയുമൊക്കെയുണ്ടെങ്കിൽ പടം ഹിറ്റായിക്കൊള്ളും.

നാടകത്തിന്റെ വികസിതരൂപമാണല്ലോ സിനിമ. നാടിന്റെ അകം നാടകം എന്നൊരു ചൊല്ലുണ്ട്. അതായത്, നാട്ടിൽ നടമാടുന്ന കാര്യങ്ങളുടെയൊക്കെ ഒരു പരിച്ഛേദം. കാലികപ്രസക്തിയുള്ള കാര്യങ്ങൾക്കു മുഖ്യപരിഗണന കൊടുത്തിരുന്നു. കണ്ടും കേട്ടും കൊണ്ടും കൊടുത്തുമുള്ള അനുഭവങ്ങൾ ഭാവനയുള്ള കഥാകൃത്തുക്കൾ ചിത്രീകരിക്കുന്ന കഥകൾ. മുണ്ടശ്ശേരിമാഷ് പറയുന്നതുപോലെ 'പിങ്ങീഭവിച്ചു' മനസ്സിൽ കിടക്കുന്ന കാര്യങ്ങൾ കഥാകൃത്തു നാടകരൂപത്തിൽ അവതരിപ്പിക്കും.

ആദ്യകാലനാടകങ്ങളൊക്കെ നാട്ടിൻപുറങ്ങളിൽ നാട്ടുകാർ ഒന്നുചേർന്ന് അവതരിപ്പിച്ചിരുന്നു. നാട്ടിൽ അതൊരുത്സവമായിരുന്നു. 'മാട്ടേൽനാടകം' എന്നൊരു വിശേഷണം പണ്ടുണ്ടായിരുന്നു. ഒരു ഉയർന്ന മാട്ടേൽ കെട്ടിയുണ്ടാക്കുന്ന വേദി. കമുകുകളാകും തൂണുകൾ. ഇല്ലി പൊട്ടിച്ച് ഓല മേഞ്ഞ മേൽക്കൂര. തട്ടിക്കൂട്ടിയ രംഗസംവിധാനങ്ങൾ. മണ്ണെണ്ണയൊഴിച്ചു കത്തിച്ച പന്തങ്ങളുടെ വെളിച്ചത്തിൽ അഭിനയം. പിന്നീടു പെട്രോമാക്സിന്റെ വിളക്കിന്റെ സഹായത്തോടെയായി അഭിനയം. ഗ്യാസ്ലൈറ്റ് എന്നും അതിനെ വിളിച്ചിരുന്നു. അഭിനയം മെച്ചമെന്നു തോന്നുന്ന രംഗങ്ങൾ വീണ്ടും അവതരിപ്പിക്കാൻ കാണികൾ വിളിച്ചുപറയും. ഇംഗ്ലീഷ് വാക്കാണ് ഉപയോഗിക്കാറ് – വൺസ്മോർ! ഒരു നടൻ മൂന്നു തവണ സ്റ്റേജിൽ കുത്തുകൊണ്ടു മരിക്കേണ്ട സാഹചര്യം ഉണ്ടായതായി പറഞ്ഞുകേട്ടിട്ടുണ്ട്. അന്നു സ്ത്രീവേഷം കെട്ടുന്നതു പുരുഷന്മാർതന്നെയായിരുന്നു. അടൂർ ഭാസിയും എസ്.പി. പിള്ളയുമൊക്കെ സ്ത്രീവേഷം കെട്ടിയിട്ടുള്ളതായി പറഞ്ഞുകേട്ടിട്ടുണ്ട്. തുണിയും ചട്ടയും കുണുക്കുമിട്ടു നില്ക്കുന്ന അടൂർഭാസിയുടെ ചിത്രം ഇന്നും പ്രചാരത്തിലുണ്ട്.

പണ്ടത്തെ നാടകങ്ങൾക്കു കാര്യമായ ചെലവൊന്നുമുണ്ടായിരുന്നില്ല. ചെലവെല്ലാം സ്വന്തം കൈയിൽനിന്നായിരുന്നു. ഒരിക്കൽ ഒരു തമാശയുണ്ടായി. പള്ളിപ്പെരുനാളിനോടനുബന്ധിച്ചാണ് നാടകം അരങ്ങേറുന്നത്. സമയം എട്ടുമണി എന്നാണ് അറിയിച്ചിരുന്നത്. പ്രദക്ഷിണം ഇറങ്ങിയപ്പോൾ സമയം ഏഴര! തിരിച്ചെത്തിയതു പത്തുമണിക്ക്! അഭിനേതാക്കളെല്ലാം മേക്കപ്പ് ചെയ്ത് ഏഴുമണിമുതൽ കാത്തിരിക്കുകയാണ്. കാത്തിരുന്നു മടുത്തപ്പോൾ പ്രധാന നടൻ ഒന്നു മയങ്ങിപ്പോയി. എന്തോ ഒരു ശബ്ദം കേട്ട് അയാൾ തലപൊക്കി നോക്കി. അപ്പോഴതാ, ഉണക്കമീൻ വറുത്ത് കറിയുംവച്ച് ഭാര്യ കൊടുത്തുവിട്ട പൊതിച്ചോറും കടിച്ചുപിടിച്ച്, ഒരു കാലൻപട്ടി ഓടുന്നു! അതെല്ലാം പഴയ കഥകൾ!

കാലക്രമേണ മികച്ച നാടകങ്ങൾ അരങ്ങേറിത്തുടങ്ങി. പല നാടകട്രൂപ്പുകളും രൂപംകൊണ്ടു. പേരുകേട്ട ചില ട്രൂപ്പുകൾ നാടകരംഗത്ത് ഒരു കൊടുങ്കാറ്റുതന്നെ അഴിച്ചുവിട്ടു. കലാനിലയം, ആലപ്പി തീയേറ്റേഴ്സ്, കെ.പി.എ.സി., ഗീഥാ ആർട്സ് ക്ലബ് എന്നിങ്ങനെ ഒട്ടേറെ കേൾവികേട്ട ഗ്രൂപ്പുകളുണ്ടായി. തിക്കുറിശ്ശി, എൻ.എൻ. പിള്ള, തിലകൻ, കെ.പി.എ.സി. ലളിത, അടൂർ ഭവാനി മുതലായവരൊക്കെ നാടകരംഗത്തുകൂടി കടന്നുവന്നിട്ടുള്ളവരാണ്.


സമാന്തരമായി സിനിമാമേഖലയും വളർന്നുകൊണ്ടിരുന്നു. 1895 ൽ പാരീസിൽ ലൂമിയർ ബ്രദേഴ്സാണ് ആദ്യമായി ചലിക്കുന്ന ചിത്രം അവതരിപ്പിച്ചത്. ആദ്യകാല ചിത്രങ്ങൾ സംസാരിക്കുന്നവയായിരുന്നില്ല. 'പൊട്ടൻ' സിനിമ എന്നാണറിയപ്പെട്ടിരുന്നത്. 1927 ലാണ് ആദ്യശബ്ദചലച്ചിത്രം പ്രദർശനത്തിനെത്തുന്നത്. 'ദ ജാസ് സിങ്ങർ' എന്നായിരുന്നു അതിന്റെ പേര്. 1928 ലാണ് മലയാളത്തിലെ ആദ്യനിശ്ശബ്ദചിത്രമായ വിഗതകുമാരൻ പുറത്തിറങ്ങുന്നത്. അഗസ്തീശ്വരത്തു ജനിച്ച ജോസഫ് ചെല്ലയ്യ ദാനിയേൽ എന്ന വ്യവസായപ്രമുഖനായിരുന്നു വിഗതകുമാരന്റെ സംവിധായകനും നിർമാതാവും. അന്നു നാലു ലക്ഷം രൂപമുടക്കിയാണ് ഇതു പുറത്തിറക്കിയത്. കേരളത്തിലായിരുന്നു ഇതിന്റെ ചിത്രീകരണം. ആദ്യമലയാളചലച്ചിത്രത്തിന്റെ അമരക്കാരൻ എന്ന നിലയിൽ ജെ.സി. ദാനിയേൽ ആണ് മലയാളസിനിമയുടെ പിതാവ്. 'ബാലൻ' ആണ് മലയാളത്തിലെ ആദ്യത്തെ ശബ്ദചിത്രം. അതിന്റെ നിർമാതാവ് റ്റി.ആർ. സുന്ദരവും രചനയും സംവിധാനവും നിർവഹിച്ചത് മുതുകുളം രാഘവൻപിള്ളയുമാണ്. ഇന്നത്തെ സിനിമയ്ക്ക് ഏതാണ്ട് ഒരു നൂറ്റാണ്ടുകാലത്തെ ചരിത്രപാരമ്പര്യമാണുള്ളത്. വന്നിട്ടുള്ള മാറ്റങ്ങൾ അദ്ഭുതാവഹവും അഭിമാനകരവും.

പക്ഷേ, ഇന്നിപ്പോൾ എന്താ സ്ഥിതി? എല്ലാം കുത്തഴിഞ്ഞിരിക്കുന്നു. പറയാനോ കേൾക്കാനോ കൊള്ളാത്ത കാര്യങ്ങളാണു പുറത്തുവരുന്നത്. സിനിമാലോകം ഇന്ന് ഒരു വന്യജീവികേന്ദ്രമായി മാറിയിരിക്കുന്നു. വന്യജീവികളെ വെല്ലുന്ന ജീവിതശൈലി. അവ തീറ്റ തേടുന്നു; ഇണ ചേരുന്നു; നിദ്രയിലാഴുന്നു. വനത്തിലേതു നാല്ക്കാലിമൃഗങ്ങളാണെങ്കിൽ സിനിമയിലേത് ഇരുകാലിജീവികളാണെന്നൊരു വ്യത്യാസംമാത്രം. ഹേമകമ്മിറ്റി റിപ്പോർട്ടു വന്നശേഷമാണ് ഇത്രയും നിന്ദ്യവും നീചവും ക്രൂരവുമാണ് വെള്ളിത്തിരയുടെ അണിയറയിൽ നടക്കുന്നതെന്നു കേട്ടു മലയാളികൾ ഞെട്ടിയത്. വെള്ളിത്തിരയിലെ നായകന്മാർ ജീവിതത്തിൽ വില്ലന്മാരാണെന്ന സത്യം സാംസ്കാരികലോകത്തെ വല്ലാത്ത ദുഃഖത്തിലാഴ്ത്തിയിരിക്കുകയാണ്. മൂല്യം എന്നൊന്ന് ഇല്ലാതായിരിക്കുന്നു. ധാർമികാധഃപതനമെന്നല്ല, ധാർമികനാശംതന്നെ സംഭവിച്ചിരിക്കുന്നു! വലിയ വലിയ താരങ്ങളിൽനിന്നുണ്ടായ തിക്താനുഭവങ്ങൾ, മാനം നഷ്ടപ്പെട്ട കഥകൾ ഓരോ നടിമാർ വിവരിക്കുമ്പോൾ അവരുടെ കണ്ണുകൾ നിറയുന്നു; കണ്ഠമിടറുന്നു; അവരുടെ മുഖത്ത് അറപ്പും വെറുപ്പും പ്രകടമാകുന്നു. മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടവർ കാട്ടിക്കൂട്ടുന്ന വിക്രിയകൾ! എല്ലാം വെള്ളിത്തിരയിൽ വെള്ളപൂശപ്പെടുന്നു. സമൂഹത്തിൽ താരങ്ങളായി വിലസുന്നു, ന്യൂജെന്നിന്റെ ആരാധനാപാത്രങ്ങൾ! അവരെ ഒന്നു കാണാൻ, അവർക്കൊപ്പമൊരു സെൽഫിയെടുക്കാൻ... മത്സരം!

നടന്മാർമാത്രമല്ല, നടിമാരിൽ പലരും വില്ലത്തികളാണെന്നുള്ളതു മറക്കാനാവില്ല. ഒരു കാലത്ത്, കേരളത്തിൽ ബഹുഭാര്യത്വവും ബഹുഭർത്തൃത്വവും ഉണ്ടായിരുന്നു. ഇന്നിപ്പോൾ സിനിമയിൽ അതു തുടരുന്നു എന്നു പറയുന്നതാവും കൂടുതൽ ശരി. ഭർത്താവിനെ ഉപേക്ഷിച്ചു കാമുകന്റെ പിറകേപോകുന്ന ഭാര്യമാർ. ഭാര്യയെ ഉപേക്ഷിച്ചു കാമുകിയുടെ പിറകേ ഭർത്താക്കന്മാർ! മാതൃകാകുടുംബം നയിക്കുന്ന സിനിമാതാരങ്ങൾ അധികമില്ല എന്നോർക്കണം.

പതിനഞ്ചു പേരുള്ള പവർഗ്രൂപ്പുണ്ടെന്നാണു ഹേമ കമ്മിറ്റി റിപ്പോർട്ടു പറയുന്നത്. അതിലെ വമ്പന്മാരും കൊമ്പന്മാരും വനാന്തരങ്ങളിൽ മറഞ്ഞിരിക്കുകയാണ്. വമ്പൻസ്രാവുകളും തിമിംഗലങ്ങളും സമുദ്രത്തിന്റെ ആഴങ്ങളിൽ വിലസുന്നു. ഡ്രഡ്ജർ ഇറക്കിയാൽപോലും അവരെ പിടിക്കാനാകുമെന്നു തോന്നുന്നില്ല. അത്ര പിടിപാടാണ് അവർക്കുള്ളത്. രാഷ്ട്രീയലോബികളും പൊലീസ് മാഫിയാബന്ധങ്ങളും ഒക്കെ നിലവിലുള്ളപ്പോൾ മുഖ്യമന്ത്രിയുടെ ഭാഷയിൽപ്പറഞ്ഞാൽ, ഒരു ചുക്കും ചെയ്യാൻ പോകുന്നില്ല.

ഹേമകമ്മിറ്റിയെ നിയോഗിച്ച ചരിത്രനേട്ടത്തിൽ ഊറ്റംകൊള്ളുന്ന സർക്കാർ നാലരവർഷം അതിന്മേൽ അടയിരുന്നതെന്തുകൊണ്ട് എന്ന ചോദ്യത്തിന് ഉത്തരമില്ല. മാധ്യമങ്ങളും കോടതിയും ഇടപെട്ടില്ലായിരുന്നെങ്കിൽ കമ്മിറ്റി റിപ്പോർട്ടു പുറത്തുവരില്ലായിരുന്നു എന്നതു പകൽപോലെ സ്പഷ്ടമാണ്. നഷ്ടപ്പെട്ട ധൈര്യം വീണ്ടെടുത്ത ചില നടിമാർ രംഗത്തുവന്നതു വലിയ വിപ്ലവത്തിനു തിരികൊളുത്തിയിരിക്കുകയാണ്. ജീവിതത്തിൽ അവരാണ് യഥാർഥത്തിൽ നായികമാർ! ഏതെല്ലാം തരത്തിലുള്ള ചൂഷണങ്ങൾക്കും പീഡനങ്ങൾക്കുമാണ് അവർക്കു വിധേയരാകേണ്ടിവന്നത്! ജീവിക്കാൻവേണ്ടി മാനംകളയേണ്ടി വന്നവർ. ഭീഷണിക്കുമുമ്പിൽ വഴങ്ങേണ്ടി വന്നവർ! സിനിമയിൽ വരുന്ന പുതുമുഖങ്ങൾക്ക് അവസരം കിട്ടണമെങ്കിൽ വഴങ്ങേണ്ടിവരുന്ന സ്ഥിതിവിശേഷം! എത്ര ഭംഗിയായി അഭിനയിച്ചാലും റീടേക്കുകൊണ്ടു പൊറുതിമുട്ടിക്കുന്ന സംവിധായകരും നടന്മാരും!




ഹേമകമ്മിറ്റി റിപ്പോർട്ടു പുറത്തുവന്നെങ്കിലും, നടപടികൾ ആരംഭിച്ചെങ്കിലും തിരിമറികളും അട്ടിമറികളും ഭീഷണികളും സമ്മർദങ്ങളും ഒളിഞ്ഞും തെളിഞ്ഞും വന്നുകൊണ്ടിരിക്കുന്നു. പേടിച്ചും വിറച്ചും കമ്മിറ്റിക്കുമുമ്പിൽ ഹാജരായി സങ്കടം ബോധിപ്പിച്ചവർ, ഇനി കേസുമായി മുന്നോട്ടുപോയെങ്കിലേ നടപടിയുണ്ടാകൂ എന്നാണ് ഇപ്പോൾ അറിയുന്നത്. വമ്പന്മാരെ തൊടാൻ ഭരണപ്രതിപക്ഷഭേദമെന്യേ രാഷ്ട്രീയക്കാർ പേടിച്ചുനില്ക്കുന്നു.

സാംസ്കാരികനായകന്മാർ എന്നു സ്വയം അവകാശപ്പെടുന്നവരൊക്കെ മാളങ്ങളിൽ ഒളിച്ചിരിക്കുകയാണ്. അല്ലെങ്കിൽ കൊടിയുടെ മറവിൽ പതുങ്ങിയിരിക്കുന്നു. ഭരിക്കുന്ന പാർട്ടിക്കുവേണ്ടിമാത്രമേ പലരുടെയും തൂലിക ചലിക്കൂ. പദവി, പൊന്നാട, പുരസ്കാരം... മതി!

■

# ശ്രീജേഷ് ഇല്ലാതെ ഇന്ത്യൻ ഹോക്കിടീമിനു കിരീടം






സനിൽ പി. തോമസ്

തുടരെ രണ്ട് ഒളിമ്പിക്സിൽ വെങ്കലമെഡൽ. ഏഷ്യൻ ഗെയിംസിൽ സ്വർണം. ഒടുവിൽ, ഇപ്പോൾ ഏഷ്യൻ ചാമ്പ്യൻസ് ട്രോഫിയിലും കിരീടം നിലനിർത്തി. ഇന്ത്യയുടെ പുരുഷ ഹോക്കി ടീം പഴയ ഔന്നത്യത്തിലേക്കു മടങ്ങുകയാണ്. ചൈനയിലെ ഹുലുൻബിറിൽ നടന്ന ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി വിജയത്തിന് മറ്റൊരു പ്രത്യേകതകൂടിയുണ്ട്. പി.ആർ. ശ്രീജേഷ് എന്ന ഗോൾ കീപ്പർ വിരമിച്ചശേഷം ഇന്ത്യയുടെ പ്രഥമ ടൂർണമെന്റ് ആയിരുന്നിത്. മാത്രമല്ല, എല്ലാ മത്സരവും ജയിച്ചാണ് ഇന്ത്യ ആറു രാജ്യങ്ങൾ പങ്കെടുത്ത ടൂർണമെന്റിൽ കിരീടനേട്ടം കൈവരിച്ചത്.

പാരിസ് ഒളിമ്പിക്സിൽ പങ്കെടുക്കുമ്പോൾ ശ്രീജേഷിനും മൻപ്രീത്സിങ്ങിനും അത് നാലാം ഒളിമ്പിക്സ് ആയിരുന്നു. ക്യാപ്റ്റൻ ഹർമൻ പ്രീത്സിങ്ങിന് മൂന്നാം ഒളിമ്പിക്സും. പാരീസിൽ മത്സരിച്ച ടീമിൽ മൻപ്രീതും ഹർമൻ പ്രീതും ഉൾപ്പെടെ പത്തു പേരെ നിലനിർത്തിയാണ് ഏഷ്യൻ ചാമ്പ്യൻസ് ട്രോഫിക്കുള്ള 18 അംഗ ഇന്ത്യൻ ടീമിനെ പ്രഖ്യാപിച്ചത്. ലക്ഷ്യം കോച്ച് ക്രെയ്ഗ് ഫൾടൻ മുൻകൂട്ടിപ്പറഞ്ഞിരുന്നു, “റാങ്കിങ് പോയിന്റുകൾ നിർണായകമാണ്. ഈ ടൂർണമെന്റോടെ പുതിയ ഒളിമ്പിക്സ് സൈക്കിൾ തുടങ്ങുകയാണ്.”

യുവതാരങ്ങൾക്ക് അവസരം നൽകുമ്പോൾ ലക്ഷ്യം 2028 ലെ ലൊസാഞ്ചലസ് ഒളിമ്പിക്സ് തന്നെ. പരിചയസമ്പത്തും യുവത്വവും സമന്വയിപ്പിക്കുന്നതിൽ കോച്ച് വിജയിച്ചുവെന്നു മത്സരഫലങ്ങൾ സൂചിപ്പിക്കുന്നു. അഞ്ചാംതവണയാണ് ഇന്ത്യ ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി ഹോക്കി വിജയിക്കുന്നത്. ഏഷ്യയിലെ ആറു മികച്ച ടീമുകൾ പങ്കെടുത്ത റൗണ്ട് റോബിൻ ടൂർണമെന്റിലെ വിജയം ഇന്ത്യ ഏഷ്യൻ ഹോക്കിയിൽ രാജാക്കന്മാർതന്നെയെന്ന് അടിവരയിടുന്നു.

ക്യാപ്റ്റൻ ഹർമൻപ്രീത് സിങ്ങിന്റെ മികവ് ഒളിമ്പിക്സിലെന്നോണം ഇവിടെയും തുടർന്നു. ഡ്രാഗ് ഫ്ളിക്കിങ്ങിലെ വൈദഗ്ധ്യം ഹർമൻപ്രീത് ആവർത്തിച്ചു. കൊറിയയ്ക്ക് എതിരേ നടന്ന ലീഗ് മത്സരത്തിൽ, രാജ്യാന്തര ഹോക്കിയിൽ 200 ഗോൾ തികയ്ക്കാനും ഇന്ത്യൻ നായകനു സാധിച്ചു. ഏറെക്കാലമായി ഹർമൻപ്രീതിന്റെയും ശ്രീജേഷിന്റെയും മികവിലായിരുന്നു ഇന്ത്യൻ ഹോക്കിയുടെ കുതിപ്പ്. ശ്രീജേഷിനൊപ്പം അദ്ദേഹത്തിന്റെ പതിനാറാം നമ്പർ ജേഴ്സിയും വിരമിച്ചപ്പോൾ പുതിയ താരോദയത്തിന് അവസരം കൈവന്നു. ക്രഷൻ പഥക്കും സൂരജ് കർക്കേരയും ആണ് ഗോൾവലയം കാത്തത്. ക്രഷൻ പഥക്ക് ശ്രീജേഷിന്റെ നിഴലിൽനിന്ന് മുന്നിലേക്കു കയറിയിരിക്കുന്നു.

റൗണ്ട് റോബിൻ ലീഗിൽ ഇന്ത്യ ചൈനയെയും (3–0) ജപ്പാനെയും (5–1) മലേഷ്യയെയും (8–1) ദക്ഷിണ കൊറിയയെയും (3–1) പാക്കിസ്ഥാനെയും (2–1) പരാജയപ്പെടുത്തി. സെമിയിൽ ഇന്ത്യ കൊറിയയെയും (4–1) ചൈന പാക്കിസ്ഥാനെയും പരാജയപ്പെടുത്തി. കലാശക്കളിയിൽ ആതിഥേയരായ ചൈനയ്ക്കെതിരേയായിരുന്നു ഇന്ത്യയുടെ വിജയം (1–10). ഫൈനലിൽ ആദ്യ മൂന്നു ക്വാർട്ടറുകളിൽ ചൈനയുടെ പ്രതിരോധം തകർക്കാൻ ഇന്ത്യയ്ക്കു കഴിഞ്ഞില്ല. ഡിഫൻഡർ ജുഗ്‌രാജ് സിങ് ആണ് ഇന്ത്യയുടെ നിർണായകഗോൾ നേടിയത്. അതും അൻപത്തൊന്നാം മിനിറ്റിൽ.

ഉത്തംസിങ്, ഹർമൻപ്രീത് സിങ്, രാജ്കുമാർ, അരയ് ജിത്ത് സിങ് തുടങ്ങിയവരൊക്കെ ക്യാപ്റ്റനു പുറമേ ലക്ഷ്യം കണ്ടു. ഏഴു മത്സരങ്ങളിൽ ഇന്ത്യ കേവലം അഞ്ചു ഗോളാണു വഴങ്ങിയത് എന്നതും ശ്രദ്ധേയമാണ്. ഏഷ്യൻ ഹോക്കിയിൽ ശക്തരായിരുന്ന കൊറിയ പിന്നാക്കം പോയപ്പോൾ ഇടക്കാലത്തെ തകർച്ചയിൽനിന്നു പാക്കിസ്ഥാൻ കരകയറിയെന്നും ഓർക്കണം. പാരിസ് ഒളിമ്പിക്സിന് പാക്കിസ്ഥാൻ യോഗ്യത നേടിയിരുന്നില്ല. പ്രഥമമത്സരത്തിൽ ഇന്ത്യയെ നേരിട്ട ചൈനയല്ല ഫൈനലിൽ ഇറങ്ങിയത്. അവർ ഏറെ മികവ് കൈവരിച്ചിരുന്നു.

ഏഷ്യൻ ഗെയിംസ് രണ്ടു വർഷവും ഒളിമ്പിക്സ് നാലു വർഷവും അകലെ നിൽക്കുന്നു. പാരിസ് ഒളിമ്പിക്സിൽ മികവുകാട്ടിയ എത്രപേർക്ക് ഇക്കാലമത്രയും ഫോം നിലനിർത്താൻ കഴിയുമെന്നു പറയുകവയ്യ. ശക്തമായ രണ്ടാം നിര വളർന്നുവരേണ്ടതുണ്ട്. അതിനുള്ള ആദ്യപരീക്ഷണമാണ് ചൈനയിൽ നടന്നത്. അതിൽ ഇന്ത്യ ലക്ഷ്യം കാണുകയും ചെയ്തു.

പി.ആർ. ശ്രീജേഷ് ഇന്ത്യൻ ജൂനിയർ ടീമിന്റെ പരിശീലകനാകുകയാണ്. ജേഴ്സി നിലനിർത്തിയിട്ടുമുണ്ട്. ശ്രീജേഷിന്റെ ആദ്യ പരീക്ഷണം ഒക്ടോബർ 19 മുതൽ 26 വരെ നടക്കുന്ന സുൽത്താൻ ഓഫ് ജൊഹോർ കപ്പ് ആണ്. പക്ഷേ, ശ്രീജേഷിനെ ഭാവിയിൽ ഇന്ത്യൻ സീനിയർ ടീമിന്റെ പരിശീലകനായി പലരും കാണുന്നുണ്ട്. ടീമിനെ മൊത്തം ഉത്തേജിപ്പിക്കാനുള്ള കഴിവ് ശ്രീജേഷിനുണ്ട്. ഭാവിയിൽ ഇന്ത്യൻ സീനിയർ ടീമിന്റെ മെന്റർ ആയിട്ട് ശ്രീജേഷ് പ്രധാന ടൂർണമെന്റുകളിൽ ഉണ്ടായാൽ നല്ലതായിരിക്കും.

മത്സരത്തിലുടനീളം മറ്റു താരങ്ങൾക്കു നിർദേശം കൊടുക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ശൈലിയാണ് ശ്രീജേഷിന്റേത്. ഇത് ഒട്ടേറെ യുവതാരങ്ങൾക്ക് അനുഗ്രഹമായിട്ടുണ്ട്. ശ്രീജേഷ് ഇല്ലാതെ ഇന്ത്യ ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി നേടി എന്നതു ശരിയാണ്. പക്ഷേ, ഏഷ്യൻ ഗെയിംസിൽ മത്സരം വ്യത്യസ്തമാകും. അടുത്ത ഏഷ്യൻ ഗെയിംസ് ടോക്കിയോയിലാണ് ആതിഥേയരെന്ന നിലയിൽ ജപ്പാൻ കരുത്തുറ്റ ടീമിനെ ഇറക്കും. ചൈനയും ശക്തമാണ്. പാക്കിസ്ഥാനും കൊറിയയും മലേഷ്യയുമുണ്ടാകും. കളിക്കാരനല്ലെങ്കിലും ശ്രീജേഷിന്റെ സാന്നിധ്യം ടീമിന് ആത്മവിശ്വാസം നൽകും. ■



---

ശ്രേഷ്ഠമലയാളം



ഡോ. ഡേവിസ് സേവ്യർ

# ചിറ്റപ്പനും ചിറ്റമ്മയും

എല്ലാവർക്കും സുപരിചിതമായ രണ്ടു വാക്കുകളാണ് ചിറ്റപ്പനും ചിറ്റമ്മയും. ചിറു + അപ്പൻ = ചിറ്റപ്പൻ; ചിറു+അമ്മ =ചിറ്റമ്മ. ഇവ്വിധം ഈ പദങ്ങളെ പിരിച്ചും ചേർത്തും എഴുതാം. പൂർവോത്തരപദങ്ങൾ വിശേഷണവിശേഷ്യങ്ങളായി സമാസിക്കുമ്പോൾ, പൂർവപദത്തിന്റെ അവസാനം റകാരമാണെങ്കിൽ ആ റകാരം ഇരട്ടിക്കും. ഒപ്പം പൂർവപദാന്തവർണമായ വിവൃതോകാരം ലോപിക്കുകയും ചെയ്യും. അങ്ങനെ ചിറു+അപ്പൻ ചിറ്റപ്പനും ചിറു+അമ്മ = ചിറ്റമ്മയുമാകുന്നു. “വിശേഷണവിശേഷ്യത്തിൽ/ സമാസത്തിങ്കലൊത്തപോൽ/ ദൃഢവർണമിരട്ടിക്കും/ മുമ്പോ പിമ്പോ പലപ്പൊഴും”* (251) എന്നാണല്ലോ നിയമം അനുശാസിക്കുന്നത്.

ചിറു = ചെറു = ചെറിയ. ചിറ്റപ്പൻ എന്ന വാക്കിന് ചെറിയച്ഛൻ, അച്ഛന്റെ അനുജൻ, അമ്മയുടെ അനുജത്തിയുടെ ഭർത്താവ്, അമ്മയുടെ രണ്ടാമത്തെ ഭർത്താവ് എന്നെല്ലാമാണ് വിവക്ഷിതങ്ങൾ. “ചിറ്റപ്പന്റേ പകുതിയകുതിക്കാക്കുവാൻ നോക്കിദാനീം”** (ചിറ്റപ്പന്റെ പകുതി സ്വത്ത് സ്വന്തം അധീനത്തിലാക്കാൻ നോക്കണം) എന്ന് ഉണ്ണുനീലിസന്ദേശകാരൻ പ്രയോഗിച്ചിട്ടുണ്ട്. അമ്മയുടെ അനുജത്തി, അച്ഛന്റെ അനുജന്റെ ഭാര്യ, അച്ഛന്റെ രണ്ടാംഭാര്യ എന്നീ അർഥങ്ങളാണ് ചിറ്റമ്മ എന്ന നാമധേയത്തിനുള്ളത്. ചിറ്റമ്മയുടെ ചുരുക്കരൂപമായ ചിറ്റ എന്ന പദം വാമൊഴിയായി പ്രചാരത്തിലുണ്ട്. “അകലെ കിടന്ന മഞ്ഞപ്പുൽത്തട്ടുകളിലേക്കു നോക്കിയ കിടപ്പറയുണ്ട്. അവിടെയാണ് താൻ ചിറ്റമ്മയെ അറിഞ്ഞത്”*** ഖസാക്കിന്റെ ഇതിഹാസത്തിൽ പരാമൃഷ്ടമായ ചിറ്റമ്മയ്ക്ക് അച്ഛന്റെ രണ്ടാം ഭാര്യ എന്ന അർഥമാണുള്ളത്. ചിറ്റമ്മനയം എന്നൊരു ശൈലിയും പ്രചാരത്തിലുണ്ട്.

ആദ്യഭാര്യയുടെ മക്കളോട് രണ്ടാനമ്മ പുലർത്തുന്ന മനോഭാവമാണ് ചിറ്റമ്മനയം. ഉള്ളിൽ വിദ്വേഷം വച്ചുകൊണ്ട് പ്രവർത്തിക്കുക എന്നതാണ് ആ നയത്തിന്റെ പ്രധാനഭാവം.

* നമ്പൂതിരി, ഇ.വി.എൻ. ഡോ., കേരളഭാഷാവ്യാകരണം, ഡി.സി. ബുക്സ്, കോട്ടയം, 2005, പുറം – 53.
** ശങ്കരൻനായർ, തേമ്പാട്ട്, വ്യാഖ്യാനം, ഉണ്ണുനീലിസന്ദേശം, കറന്റ് ബുക്സ്, തൃശൂർ, 1989, പുറം – 109.
*** വിജയൻ, ഒ.വി., ഖസാക്കിന്റെ ഇതിഹാസം, ഡി.സി. ബുക്സ്, കോട്ടയം, 2009, പുറം – 116.

---



കവിത — സിന്ധു ആര്യനാട്

# വാക്ക്

നിന്റെ വാക്കിന്റെയറ്റം പിടിച്ചു ഞാൻ
അക്ഷരങ്ങൾതൻ രണഭൂവിൽ നീങ്ങവേ
നോക്കുകൊണ്ടെന്റെ ഹൃത്തിൽക്കുറിച്ചു നീ
നേരിന്റെ ജ്വാലയായ് തീരണം നാമിനി!

പണ്ടുതൊട്ടേ പരിചിതമായൊരു കൈ-
വരമ്പിന്റെ വക്കിലെക്കോണിലായ്
നീരിൽ പരൽമീനു പായുന്ന കാഴ്ചകൾ
നോക്കിനിൽക്കവേയെന്നെ വിളിച്ചു നീ

കൂർത്ത വാക്കിന്റെ മുള്ളിനാൽ കോറിയെൻ
ഹൃത്തിനുള്ളിൽ നിറച്ചൊരു പേടകം.
നേരമില്ല നമുക്കിനി കാക്കുവാൻ
പോർ വിളിക്കയായ് കിരാതകചെയ്തികൾ.

സ്നേഹമെന്നൊരു വാക്കിൻ മറവിലായ്
കൊന്നുമൂടിയതെത്ര സ്വപ്നങ്ങളെ?
വിശ്വസിപ്പിച്ചു സ്വാർഥത തീർക്കുവാൻ
ലജ്ജയില്ലാത്ത നാട്യമായ് ലോകമേ.

നോക്കിനിൽക്കവേ ഭാവപ്പകർച്ചതൻ
അഗ്നികുണ്ഠമാ കണ്ണിൽ ജ്വലിക്കയായ്
എത്രനാളിനി നമ്മൾ സഹിക്കുമീ
നീചധർമവ്യവസ്ഥയീ പാരിതിൽ?



ഫാ. മാത്യു ചന്ദ്രൻകുന്നേൽ

# ഷിരൂർ ദുരന്തം മാനവികതയുടെ പ്രകാശനം

നേർമൊഴി

ഷിരൂർ ദുരന്തം അങ്ങേയറ്റം സങ്കടകരമായിരുന്നു. തികച്ചും അപ്രതീക്ഷിതമായിട്ടാണ് ജൂലൈ 16-ാം തീയതി ദേശീയപാത 66 ൽ കാർവാറിനു സമീപം ഷിരൂരിൽ മണ്ണിടിച്ചിൽ ഉണ്ടായത്. 300 മീറ്റർ ഉയരമുണ്ടായിരുന്ന ഒരു മലയുടെ ഭാഗം മംഗലൂരിനെയും ഗോവയെയും തമ്മിൽ ബന്ധിപ്പിക്കുന്ന ദേശീയപാതയിൽ അടർന്നുവീഴുകയും ഷിരൂർ ഭാഗത്ത് കോഴിക്കോട്ടുകാരൻ അർജുൻ വിശ്രമിച്ചിരുന്ന ലോറിയെ വലിയ ആഴവും കുത്തൊഴുക്കുമുള്ള ഗംഗാവലിപ്പുഴയിലേക്കു ഒഴുക്കിക്കൊണ്ടുപോവുകയും ചെയ്തു. നാടിനെ നടുക്കിയ സംഭവമായിരുന്നു അത്. അപകടത്തിൽപ്പെട്ടവരെ രക്ഷിക്കാനുള്ള ശ്രമം ഉടൻതന്നെ ആരംഭിച്ചെങ്കിലും അതിനു ഫലം കണ്ടെത്താൻ 72 ദിവസങ്ങൾ കാത്തിരിക്കേണ്ടിവന്നു. സമീപകാലചരിത്രത്തിലെ ഏറ്റവും ദീർഘവും ചെലവേറിയതും രണ്ടു സംസ്ഥാനങ്ങളുടെ ഏകോപനത്തോടുകൂടിയതുമായ രക്ഷാപ്രവർത്തനമായിരുന്നു അത്. അവസാനം ലോറിയുടെ ക്യാബിനും അതിനുള്ളിൽ അർജുന്റെ ശരീരഭാഗങ്ങളും കണ്ടെത്താൻ കഴിഞ്ഞു. അത് ഉണ്ടായ നഷ്ടത്തിനു പരിഹാരമായില്ലെങ്കിലും തെല്ലൊരാശ്വാസമായി. രക്തസാക്ഷിക്കു സമാനമായ വീരോചിതമായ യാത്രയയപ്പാണ് അർജുന് നാടു നൽകിയത്.ഷിരൂർ ദുരന്തം കേരളത്തിന്റെ പൊതുബോധമണ്ഡലത്തിനു വിലപ്പെട്ട പാഠപുസ്തകമായി മാറി.

പാഠം ഒന്ന്: മനുഷ്യജീവൻ, അത് ആരുടേതുമാകട്ടെ, വിലപ്പെട്ടതാണ്. ഒരു സാധാരണക്കാരന്റെ ജീവനും പ്രധാനമന്ത്രിയുടെ ജീവനും തുല്യമൂല്യമാണ്. പദവിയനുസരിച്ച് ആ ജീവന്റെ സംരക്ഷണത്തിനു സംവിധാനങ്ങളുണ്ടാകുമെന്ന വ്യത്യാസംമാത്രമേയുള്ളൂ. ഒരു ലോറിഡ്രൈവറിനുവേണ്ടി എന്താണിത്രയും അന്വേഷണം എന്ന ചോദ്യമുണ്ടായതുകൊണ്ടാണ് വിശദീകരണം വേണ്ടിവന്നത്.

പാഠം രണ്ട്: തൊഴിലാളിയും തൊഴിലുടമകളും തമ്മിലുള്ള ത്രസിപ്പിക്കുന്ന ആത്മബന്ധത്തിന്റെ കഥയാണിത്. തൊഴിലിടങ്ങളിൽ ചൂഷണവും പീഡനവും നടക്കുന്ന കാലമാണിത്. ട്രേഡ്യൂണിയൻപ്രസ്ഥാനങ്ങളുടെ അനാവശ്യസമരങ്ങളും തൊഴിൽസ്തംഭനവും അരങ്ങേറുന്ന നാടാണു കേരളം. കൊലവിളിമുദ്രാവാക്യങ്ങളുടെയും കൊടിനാട്ടി നാടുമുടിക്കുന്ന ചില സംഘടനകളുടെയും നോക്കുകൂലി എന്ന റൗഡിസത്തിന്റെയും നാടായ കേരളത്തിലാണ് തൊഴിലാളി - മുതലാളി ബന്ധത്തിന്റെ ഈ ഉത്തമമാതൃക. ലോറിയുടമ മനാഫ് ലോറിഡ്രൈവർ അർജുനെ സ്വന്തം കുടുംബാംഗത്തെപ്പോലെയാണു കണക്കാക്കിയത്. ദുരന്തമുണ്ടായ നാൾ മുതൽ അർജുന്റെ ഭൗതികാവശിഷ്ടം വീട്ടിലെത്തിക്കുന്നതുവരെ മനാഫ് എന്ന മഹാമനുഷ്യൻ കൂടെ നിന്നു. അർജുനുവേണ്ടി ഏതറ്റംവരെ പോകാനും അദ്ദേഹം സന്നദ്ധനായി. അദ്ദേഹത്തിന്റെ ത്യാഗത്തെയും നിശ്ചയദാർഢ്യത്തെയും അഭിനന്ദിച്ചേ മതിയാവൂ. ഒരു ലോറിയുടമ എന്ന നിലയിൽ മനാഫിന് ഇത്രത്തോളം ത്യാഗം അർജുനുവേണ്ടി കാണിക്കേണ്ടിയിരുന്നില്ല. നഷ്ടപ്പെട്ട ലോറിക്ക് ഇൻഷുറൻസ് ലഭിക്കും. പുതിയ ലോറി വരും. അതിനെക്കാൾ വലിയ വിലയാണ് അർജുനുമായുണ്ടായിരുന്ന സൗഹൃദത്തിന് അദ്ദേഹം നല്കിയത്. നിർഭാഗ്യവശാൽ മനാഫിനെതിരേ അർജുന്റെ കുടുംബം ഇപ്പോൾ രംഗത്തുവന്നിരിക്കുകയാണ്. അർജുന്റെ മരണത്തെ മനാഫ് വൈകാരികമായി ചൂഷണം ചെയ്യുന്നുവെന്നും പണപ്പിരിവു നടത്തുന്നുവെന്നുമൊക്കെയാണ് അവരുടെ ആരോപണം. അർജുന്റെ പേരിൽ അഞ്ചുപൈസപോലും താൻ വാങ്ങിയിട്ടില്ലെന്ന് മനാഫ് ആണയിടുന്നു. വൈകാതെ ഇതിനു പിന്നിലെ യാഥാർഥ്യം പുറത്തുവരുമെന്നു കരുതാം.





ജാതിയുടെയും മതത്തിന്റെയും പേരിൽ വിവേചനവും വേർതിരിവും തമ്മിലടിയും കത്തിക്കുന്നതും നടക്കുന്ന ഇക്കാലത്താണ് മനുഷ്യസ്നേഹത്തിന്റെ അത്യുദാത്തമായ ഈ മാതൃക. മനാഫിന് അർജുനോടുണ്ടായിരുന്ന അതേ മനോഭാവമാണ് അർജുന് തന്റെ തൊഴിലിനോടും തൊഴിലുടമയോടുമുണ്ടായിരുന്നത്. സത്യസന്ധതയും ആത്മാർഥതയുമായിരുന്നു അർജുന്റെ കൈമുതൽ. അർജുൻ ലോറിയെ സ്വന്തമെന്നതുപോലെ കരുതി പരിപാലിച്ചു. അർജുന് ലോറി തന്റെ രണ്ടാംവീടായിരുന്നു. അലങ്കാരവസ്തുക്കളും സ്റ്റിക്കറുകളുംകൊണ്ട് ലോറിയെ മനോഹരമായ ഒരു കാഴ്ചവസ്തുവാക്കി. അതിലൊരു സ്റ്റിക്കറിന്റെ തിളക്കമാണ് അവസാനം അർജുനെ കണ്ടെത്താൻ നിമിത്തമായത്.

പാഠം മൂന്ന്: അർജുൻ കുടുംബത്തിനുവേണ്ടി ജീവിച്ച മനുഷ്യനായിരുന്നു. മദ്യത്തിനും മയക്കുമരുന്നിനും അടിമയായി സ്വന്തം ജീവിതംപോലും നശിപ്പിക്കുന്ന ഇക്കാലത്ത് കുടുംബത്തിനുവേണ്ടി ബലിയായിത്തീർന്ന ജീവിതമായിരുന്നു അർജുന്റേത്. ദീർഘയാത്ര പോകുമ്പോൾ മകന്റെ ഓർമ നിലനിർത്താൻ അവന്റെ കളിക്കോപ്പുപോലും വണ്ടിയുടെ ക്യാബിനിൽ സൂക്ഷിച്ചിരുന്ന ഒരു കുടുംബനാഥൻ. നോക്കെത്താദൂരത്തേക്ക് ലോറി ഓടിയകലുമ്പോഴും അർജുന്റെ മനസ്സിൽ തന്റെ വീടും വീട്ടുകാരുമുണ്ടായിരുന്നു. അർജുന്റെ നഷ്ടം താങ്ങാനാവാത്ത വൈകാരികതയുടെ കാരണമതാണ്. ട്രക്കുകളും ലോറികളും ഓടിക്കുന്നവർ മറ്റു ടാക്സിഡ്രൈവർമാരെപ്പോലെയല്ലെന്നു പറയാം. എല്ലാവർക്കും സ്വന്തമായി വാഹനമുണ്ടായിരിക്കേ വളരെ ചുരുക്കം ചില സന്ദർഭങ്ങളിലേ അവരുടെ സേവനം നമുക്കാവശ്യമായി വരുന്നുള്ളൂ. എന്നാൽ, ട്രക്കുകാർ അങ്ങനെയല്ല, നാം അറിഞ്ഞാലും ഇല്ലെങ്കിലും അവർ നമ്മളെ സഹായിക്കുന്ന അജ്ഞാതസുഹൃത്തുക്കളാണ്. അതായത്, ഭക്ഷണമുൾപ്പെടെ നമ്മൾ ഉപയോഗിക്കുന്ന എല്ലാ സാധനങ്ങളും എത്തിച്ചുതരുന്നത് അവരാണ്. ഇന്ധനവും വീട്ടുപകരണങ്ങളും വാഹനങ്ങളും നിർമാണസാമഗ്രികളും നമ്മുടെ പക്കൽ കൊണ്ടുവരുന്നത് അവരാണ്. വിമാനങ്ങളും ട്രെയിനുകളും ബസുകളും മനുഷ്യരെ അവരുടെ ലക്ഷ്യസ്ഥാനങ്ങളിലെത്തിക്കുന്നതുപോലെ അവർക്കാവശ്യമുള്ളതെല്ലാം കൈയെത്തുംദൂരത്തു നൽകുന്നത് ട്രക്ക്ഡ്രൈവർമാരത്രേ. അവരെ മറികടന്ന് വാഹനം ഓടിക്കാൻ നമുക്കു ബുദ്ധിമുട്ടുണ്ടായിട്ടുണ്ടെന്ന കാരണത്താൽ അവരുടെ സേവനത്തെ വിലകുറച്ചു കാണാനാവില്ല. ഏകദേശം 5.6 ലക്ഷം ട്രക്കുകളും ലോറികളുമാണ് നിരത്തിലുള്ളത്. ദേശീയ പെർമിറ്റുള്ള 17000 ലധികം ലോറികൾ കേരളത്തിലുണ്ട്. സംസ്ഥാനത്തുമാത്രമോടുന്ന 5000 ലധികം ലോറികൾ വേറെയും.

പാഠം നാല്: ഷിരൂർ ദുരന്തം മനുഷ്യക്കൂട്ടായ്മയുടെ ഒരാഘോഷമായി മാറി. നേതാക്കന്മാരും ഉദ്യോഗസ്ഥരും വിദഗ്ധരും അല്ലാത്തവരുമായി നൂറുകണക്കിനാളുകൾ തെരച്ചിലിന്റെ ഭാഗമായി. കേരളസർക്കാരും കർണാടകസർക്കാരും ഒത്തൊരുമയോടെ പ്രവർത്തിച്ചു. കാർവാർ എം.എൽ.എ. സതീഷ് കൃഷ്ണസെയിലിന്റെ പേര് എടുത്തുപറയാതിരിക്കാനാവുകയില്ല. മനുഷ്യത്വം പൂർണമായും നശിച്ചിട്ടില്ല. ■

## ദാദാസാഹെബ് ഫാൽക്കെ പുരസ്കാരം മിഥുൻ ചക്രവർത്തിക്ക്



ന്യൂഡൽഹി: സിനിമാമേഖലയിലെ രാജ്യത്തിന്റെ പരമോന്നത ബഹുമതിയായ ദാദാസാഹെബ് ഫാൽക്കെ പുരസ്കാരം(2022) ബോളിവുഡ് നടൻ മിഥുൻ ചക്രവർത്തിക്ക്. നാലു പതിറ്റാണ്ടു നീളുന്ന അഭിനയജീവിതത്തിലെ സമഗ്രസംഭാവനകളാണ് പശ്ചിമബംഗാൾ സ്വദേശിയായ മിഥുൻ ചക്രവർത്തിയെ പുരസ്കാരത്തിന് അർഹനാക്കിയത്.

ഒക്ടോബർ എട്ടിന് 70-ാമത് ദേശീയ ചലച്ചിത്രപുരസ്കാരം സമ്മാനിക്കുമെന്ന് വാർത്താവിനിമയ പ്രക്ഷേപണവകുപ്പുമന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു. 1976 ൽ പുറത്തിറങ്ങിയ തന്റെ ആദ്യസിനിമയായ 'മൃഗയ'യിലൂടെ മികച്ച നടനുള്ള ദേശീയപുരസ്കാരം നേടിയ മിഥുൻ 1982 ൽ പുറത്തിറങ്ങിയ 'ഡിസ്കോ ഡാൻസറി'ലൂടെ ജനപ്രിയതാരമായി ഉയർന്നു. നീണ്ട സിനിമാജീവിതത്തിനിടെ രാഷ്ട്രീയത്തിലും മിഥുൻ തിളങ്ങിയിട്ടുണ്ട്. തൃണമൂൽ കോൺഗ്രസിന്റെ രാജ്യസഭാ എം.പി.യായിരുന്ന മിഥുൻ 2021 ൽ ബിജെപിയിൽ ചേർന്നു. മൂന്നു തവണ ദേശീയ ചലച്ചിത്ര അവാർഡ് സ്വന്തമാക്കിയിട്ടുള്ള മിഥുൻ 2024 ൽ പദ്മഭൂഷൺപുരസ്കാരവും നേടിയിട്ടുണ്ട്.

# വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ എന്ന 'വല്യച്ചൻ'

1-ാം പേജ് തുടർച്ച

തേവർപറമ്പിൽ അഗസ്റ്റിൻ തന്റെ ജീവിതവഴിയായി വളരെ ചെറുപ്രായത്തിൽത്തന്നെ വൈദികവൃത്തിയെ മനസ്സിൽ കണ്ടിരുന്നതുകൊണ്ട് ഹൈസ്കൂൾ പഠനം പൂർത്തിയാക്കിക്കഴിഞ്ഞപ്പോൾത്തന്നെ വരാപ്പുഴ പുത്തൻപള്ളി സെമിനാരിയിലേക്കാണ് അയയ്ക്കപ്പെട്ടത്. അന്നു ചങ്ങനാശേരിമെത്രാനായിരുന്ന പുണ്യശ്ലോകനായ മാർ തോമസ് കുര്യാളശ്ശേരിപ്പിതാവിന് അഗസ്റ്റിന്റെ പൊക്കക്കുറവിനെക്കുറിച്ചു ചെറിയ സംശയമുണ്ടായിരുന്നെങ്കിലും ചങ്ങനാശ്ശേരി പെറ്റിസെമിനാരിയുടെ ചുമതലക്കാരായ വൈദികരുടെ ശക്തമായ ശിപാർശയിൽ വരാപ്പുഴസെമിനാരിയിലേക്ക് അയയ്ക്കുകയായിരുന്നു. ആരാധനകളിലും പ്രാർഥനകളിലും തേവർപറമ്പിൽ ശെമ്മാശ്ശൻ പുലർത്തിയ തീക്ഷ്ണതയും പരിശീലനകാലത്ത് അദ്ദേഹം സാക്ഷ്യപ്പെടുത്തിയ അച്ചടക്കവും സ്വഭാവശുദ്ധിയുമാവണം അഗസ്റ്റിനെ തുടർവൈദികപഠനത്തിനയയ്ക്കാൻ കുര്യാളശ്ശേരിപ്പിതാവിനെയും പ്രേരിപ്പിച്ചത്. പഠനകാര്യങ്ങളിലും അഗസ്റ്റിൻ സമർഥനായിരുന്നുവെന്ന് സതീർഥ്യരും പില്ക്കാലത്തു സാക്ഷ്യപ്പെടുത്തിയിരുന്നല്ലോ.

പതിനാറാം നൂറ്റാണ്ടിലാണ് വിശുദ്ധ ആഗസ്തീനോസിന്റെ നാമധേയത്തിലുള്ള ദൈവാലയം രാമപുരത്തു സ്ഥാപിതമായതെന്നാണു കണക്കാക്കപ്പെടുന്നത്. സെന്റ് അഗസ്റ്റിന്റെ പേരിൽ കേരളത്തിൽ സ്ഥാപിതമായ ആദ്യപള്ളിയും രാമപുരം പള്ളിതന്നെ. പാലാ വലിയ പള്ളിയിൽ ശുശ്രൂഷ ചെയ്തിരുന്ന രാമപുരം ചോലപ്പള്ളി കുടുംബത്തിൽപ്പെട്ട യൗസേപ്പു കത്തനാരുടെ നേതൃത്വത്തിലാണ് രാമപുരംപള്ളിയുടെ പണിയാരംഭിക്കുകയും പൂർത്തിയാക്കപ്പെടുകയും ചെയ്തത്. ചോലപ്പള്ളി കുടുംബം മാർത്തോമ്മാ ശ്ലീഹായിൽനിന്നു വിശ്വാസവും ജ്ഞാനസ്നാനവും സ്വീകരിച്ചതായി വിശ്വസിക്കപ്പെടുന്ന നാലു കുടുംബങ്ങളിൽ - പകലോമറ്റം, ശങ്കരപുരി, കള്ളിയിൽ, കാളികാവ് - ശങ്കരപുരി കുടുംബത്തിന്റെ ശാഖയായിട്ടാണ് അന്നും ഇന്നും കരുതപ്പെടുന്നത്. ചോലപ്പള്ളിയുടെ ശാഖാകുടുംബങ്ങളിൽപ്പെടുന്നതാണ് എടക്കര, നാട്ടുനിലം, കുഴുമ്പിൽ, കച്ചിറമറ്റം, രാമപുരം, മുണ്ടയ്ക്കൽ, കരിപ്പാക്കുടിയിൽ, ആറ്റുപുറം തുടങ്ങി ഒട്ടേറെ കുടുംബങ്ങൾ. ചോലപ്പള്ളി യൗസേപ്പു കത്തനാർ കഴിവിനും കാര്യപ്രാപ്തിക്കും പേരുകെട്ട ഒരു വൈദികശ്രേഷ്ഠനായിരുന്നുവെന്നാണ് പറഞ്ഞുകേൾക്കുന്ന വായ്മൊഴിസാക്ഷ്യങ്ങളും.

രാമപുരത്തിന്റെ സാംസ്കാരികപാരമ്പര്യം മതസൗഹാർദ്ദത്തിന്റേതുമാത്രമല്ല, സമുദായമൈത്രിയുടെതുമാണ്. നാനാജാതികളും സമുദായങ്ങളും സാഹോദര്യത്തോടെ കഴിഞ്ഞുകൂടുന്ന വലിയ ഒരു സാംസംകാരികത്തനിമയാണ് രാമപുരത്തിന് അവകാശപ്പെടാനുള്ളത്. രാമപുരത്തുവാര്യർമുതൽ ലളിതാംബിക അന്തർജനംവരെ അതിന്റെ ഭാഗവുമാണ്. അതോടൊപ്പം നിൽക്കുന്ന സാംസ്കാരികത്തനിമയിലാണ് മലയാളത്തിലെ ആദ്യസഞ്ചാരസാഹിത്യകൃതിയായ 'വർത്തമാനപ്പുസ്തകം' എഴുതിയ പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ സാഹിത്യപ്രഭാവം. തന്റെ റോമായാത്രയുടെ വിശദാംശങ്ങൾ വിശദീകരിച്ചെഴുതിയ ഒരു ദിനവൃത്താന്തഡയറിയാണ് വർത്തമാനപ്പുസ്തകമെന്നു പറയുന്നതിലും തെറ്റില്ല. കടലിലൂടെയുള്ള കപ്പൽയാത്രകൾമാത്രമല്ല കരവഴിയാത്രകളും ദുർഘടമായിരുന്ന ഒരു കാലത്താണ് മാർ ജോസഫ് കരിയാറ്റിക്കൊപ്പം പാറേമ്മാക്കലച്ചനും റോമിൽപ്പോയി മാർപാപ്പായെ കണ്ടു മടങ്ങിയത്. അന്നും ഇന്നും അതു തികച്ചും ഉദ്വേഗജനകമായ ഒരു ചരിത്രയാഥാർഥ്യമായി നില്ക്കുന്നുവെന്നതാണ് സത്യം. കേരളത്തിലെ സുറിയാനി ക്രിസ്ത്യൻ വിശ്വാസിസമൂഹത്തിന്റെ ആദ്യപടത്തലവൻമാരിൽ മുൻനിരയിൽത്തന്നെയാണ് ഗോവർണദോറുടെ സ്ഥാനം. പാറേമ്മാക്കലച്ചനെ കബറടക്കിയിരിക്കുന്നതും രാമപുരം പള്ളിയിലാണല്ലോ.

മരണാനന്തരം വിശുദ്ധപദവിയിലേക്കു സഭ പരിഗണിക്കുന്ന ഈ പുണ്യപുരോഹിതൻ ജീവിച്ചിരുന്ന കാലത്ത് സമുദായത്തിലെയോ സമൂഹത്തിലെയോ 'കുഞ്ഞച്ചന്മാരെ'യൊന്നും വണങ്ങിയതേയില്ല എന്നതാണ് വാഴ്ത്തപ്പെട്ട കുഞ്ഞച്ചനെ വ്യത്യസ്തനാക്കുന്നത്. രാമപുരം പള്ളിയിലെ സഹായവൈദികനെന്ന നിലയിൽ അച്ചന്റെ ശുശ്രൂഷാനിയോഗം രാമപുരത്തും ചുറ്റുപാടുകളിലുമുള്ള അധഃസ്ഥിതരും അവഗണിക്കപ്പെട്ടവരും പാർശ്വവത്കരിക്കപ്പെട്ടവരുമായ ജനവിഭാഗങ്ങളുടെ ആത്മീയകാര്യങ്ങളുടെ ചുമതലക്കാരനായിട്ടായിരുന്നു. അച്ചന്റെ ശാരീരികപരിമിതികളുടെ പേരിലും ചിലരൊക്കെ അച്ചനെ അവമതിച്ചിരുന്നു. അധഃസ്ഥിതർക്കുവേണ്ടി തന്നിലേല്പിക്കപ്പെട്ട ചുമതലകളെ നൂറുശതമാനത്തിനുമപ്പുറം ഇരുനൂറുശതമാനം അർപ്പണബോധത്തോടെ നിർവഹിച്ചുതുടങ്ങിയപ്പോൾ ചിലരെങ്കിലും അതിൽ അതൃപ്തിയും എതിർപ്പും പ്രകടിപ്പിക്കുവാനും മടിച്ചില്ല. എന്നാൽ, അതൊന്നും അധഃസ്ഥിതർക്കൊപ്പമുള്ള തന്റെ ഉറച്ച നിലപാടുകളിൽ ഒരു വ്യതിയാനവും വരുത്തുവാൻ അച്ചൻ സമ്മതിച്ചതുമില്ല.



രാമപുരം പള്ളിയിൽ എല്ലാ പ്രഭാതങ്ങളിലും ആദ്യത്തെ കുർബാന ചൊല്ലി അതിരാവിലെതന്നെ, തന്നിലേല്പിക്കപ്പെട്ട അധഃസ്ഥിതവിഭാഗത്തിൽപ്പെട്ട 'ആളുകളെ' അന്വേഷിച്ച് അച്ചൻ തന്റെ യാത്രകൾ ആരംഭിച്ചിരിക്കും. താൻതന്നെ പുഴുങ്ങിയെടുത്ത ഒന്നോ രണ്ടോ മുട്ടകളും തന്റെ ളോഹയുടെ പോക്കറ്റിൽ കരുതും. തന്റെ തുകൽച്ചെരുപ്പുമിട്ട് കാൽനടയായി കിലോമീറ്ററുകൾ നടന്നുചെന്നാണ് അച്ചൻ അന്നത്തെ പുലയക്കുടിലുകളിലും പറയക്കുടിലുകളിലും സുവിശേഷം പറഞ്ഞത്. അവർക്കൊപ്പം അവരുടെ കുടിൽത്തിണ്ണകളിൽ അവർ വിരിച്ച നേരപ്പായകളിലോ (അവർക്കൊന്നും അന്നു മെത്തപ്പായകൾ ഉപയോഗിക്കുവാനുള്ള അനുവാദംപോലുമുണ്ടായിരുന്നില്ലല്ലോ.) അവർ നല്കിയ കൊരണ്ടിപ്പലകകളിലോ ഇരുന്നാണു അവരോട് അച്ചൻ കർത്താവിനെക്കുറിച്ചും അവിടുത്തെ രക്ഷയെക്കുറിച്ചും സ്വർഗ-നരഗങ്ങളെക്കുറിച്ചും പുണ്യ-പാപങ്ങളെക്കുറിച്ചും 'സുവിശേഷം പ്രസംഗിച്ച'തും അവരെ നമസ്കാരങ്ങൾ പഠിപ്പിച്ചതും. അച്ചന്റെ പ്രവർത്തനശൈലികളും അധഃസ്ഥിതരുമായുള്ള ആത്മബന്ധവും അവരോടു കുഞ്ഞച്ചൻ കാണിച്ച പരിഗണനയും കരുതലും കാരുണ്യവും തീരെ ഇഷ്ടപ്പെടാത്തവരും സമൂഹത്തിൽമാത്രമല്ല, ഇടവകയിലുമുണ്ടായിരുന്നിരിക്കണം. സഭാധികാരികൾക്കു മുന്നിലേക്കു പരാതിപ്രളയവും ഉണ്ടാകാതെയിരുന്നില്ല. പക്ഷേ, തന്റെ മുൻഗാമിയായിരുന്ന കുര്യാളശ്ശേരിപ്പിതാവിന്റെ മാനസപുത്രനായിരുന്ന 'അവശന്മാരുടെ' ഈ മധ്യസ്ഥനിൽ അഭിവന്ദ്യ കാളാശ്ശേരിപ്പിതാവിനും വലിയ വിശ്വാസമായിരുന്നു. പാലായുടെ പ്രഥമബിഷപ്പായി വയലിൽപ്പിതാവു വന്നപ്പോഴും കുഞ്ഞച്ചന്റെ അധഃസ്ഥിതർക്കിടയിലുള്ള പ്രേഷിതപ്രവർത്തനങ്ങളെ പിൻതുണച്ചതേയുള്ളൂ. പള്ളിക്കാപറമ്പിൽപിതാവു കുഞ്ഞച്ചന്റെ മാതൃഗൃഹമായ രാമപുരത്തു കോയിപ്പള്ളി തറവാട്ടിലായിരുന്നല്ലോ ജനിച്ചത്. പിതാവിന്റെ ജ്ഞാനസ്നാനവേളയിൽ തേവർപറമ്പിൽ കുഞ്ഞച്ചനും കാർമികനായി ഉണ്ടായിരുന്നതുകൊണ്ടുകൂടിയാവാം പള്ളിക്കാപറമ്പിൽപ്പിതാവും കുഞ്ഞച്ചന്റെ നാമകരണനടപടികൾക്കു വേഗം വർധിപ്പിച്ചത്. ഇപ്പോൾ അഭിവന്ദ്യ കല്ലറങ്ങാട്ടുപിതാവ് പാലാ രൂപതയിലെ ഏതു പള്ളിയിലെ പൊതുവേദികളിൽ പ്രസംഗിക്കുമ്പോഴും പ്രാർഥിക്കുമ്പോഴും വിശുദ്ധ അൽഫോൻസാമ്മയ്ക്കും വാഴ്ത്തപ്പെട്ട കുഞ്ഞച്ചനുമാണല്ലോ നമ്മെയെല്ലാം സമർപ്പിച്ചു പ്രാർഥിക്കുന്നത്. പിതാവിന്റെ സഭാശുശ്രൂഷാകാലത്തുതന്നെ വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചനും അൾത്താരവണക്കത്തിനു യോഗ്യനായി വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെടുവാനിടയാകട്ടെ എന്ന് ഒരൊറ്റ വിശ്വാസിസമൂഹസമൂഹമായിനിന്ന് ഈ തിരുനാൾ സന്ദർഭത്തിൽ നമുക്കും ഹൃദയസമർപ്പണത്തോടെ പ്രാർഥിക്കാം.

■

---

വേട്ടക്കാരായ വന്യജന്തുക്കൾ

മാത്യൂസ് ആർപ്പൂക്കര

# കഴുതപ്പുലി



കാട്ടിലെ വേട്ടക്കാരായ മൃഗങ്ങളുടെ കൂട്ടത്തിലാണു സ്ഥാനമെങ്കിലും സിംഹത്തിനോ കടുവയ്ക്കോ പുലിക്കോ ഉള്ള ഗാംഭീര്യം കഴുതപ്പുലിക്കില്ല. കഴുതയെപ്പോലുള്ള നടപ്പും മുഖഭാവവും പുലിയുടേതുപോലുള്ള ഉടലും ഉള്ളതിനാലാണ് ഇവയ്ക്കു കഴുതപ്പുലി എന്ന പേരു കിട്ടിയത്. കഴുതയുടേതുപോലുള്ള നീണ്ട ചെവികളും ഇതിനുണ്ട്. തല താഴ്ത്തിയാണ് ഇവയുടെ നടപ്പ്.

ഇരയെ പിന്തുടർന്ന് അവ തളരുന്നതുവരെ ആക്രമിക്കുകയാണു കഴുതപ്പുലി ചെയ്യുന്നത്. ഇര തിരികെ ആക്രമിക്കില്ലെന്നു കണ്ടാൽപ്പിന്നെ അതിനെ വിടാതെ പിന്തുടരും. തളരുന്ന ഇരയുടെ കഴുത്താണു ലക്ഷ്യം. മറ്റു ജീവികൾ വേട്ടയാടിപ്പിടിച്ച ഇരയെ തട്ടിയെടുത്തോ അവ ഉപേക്ഷിച്ചുപോയ അവശിഷ്ടം തിന്നോ ആണ് കഴുതപ്പുലി കഴിയുക. ഇതുകൊണ്ടു വലിയൊരു ഗുണമുണ്ട്. ചത്ത ജീവികളുടെ അവശിഷ്ടങ്ങൾ കാട്ടിൽകിടന്നു ചീയുന്നതുകൊണ്ടും മറ്റുമുള്ള കുഴപ്പങ്ങൾ ഇല്ലാതാകുന്നു. അതിനാൽ കഴുതപ്പുലികളെ കാട്ടിലെ തൂപ്പുകാർ എന്നും വിളിക്കാറുണ്ട്.

കഴുതപ്പുലികൾ പലയിനമുണ്ട്. നിറത്തിലും വലുപ്പത്തിലും വ്യത്യാസപ്പെട്ടിരിക്കും. ഇന്ത്യയിൽ കണ്ടുവരുന്നതു ഹയേന ഹയേന എന്നയിനമാണ്. ഇതു ചെറിയ വരയുള്ള ഇനമാണ്. വേട്ടയ്ക്കു പല്ലുകളാണുപയോഗിക്കുക. ഇരയെ തട്ടിയെടുക്കാൻ വരുന്ന കഴുതപ്പുലിയെ മറ്റു മൃഗങ്ങൾ ആക്രമിച്ച് ഓടിക്കാൻ ശ്രമിച്ചാലും ഇവ പരിസരം വിട്ടുപോകില്ല. കഴുതപ്പുലികൾ നേരിട്ടു വേട്ടയ്ക്കിറങ്ങുന്നത് അപൂർവം. എന്നാൽ, ഭക്ഷണത്തിനു ക്ഷാമമുണ്ടായാൽ മാൻ, മുയൽ, കാട്ടുപന്നി, കുരങ്ങന്മാർ തുടങ്ങിയ മൃഗങ്ങളെ വേട്ടയാടാറുണ്ട്. കുരങ്ങിനെക്കാൾ കൂടുതൽ തന്ത്രം ഉപയോഗിച്ചാണ് കഴുതപ്പുലിയുടെ ഇരപിടിത്തം. ഇവയുടെ മുൻകാലുകൾക്കു പിൻകാലുകളെ അപേക്ഷിച്ചു നീളം കൂടുതലാണ്. ഒപ്പം അവ കൂടുതൽ ബലമുള്ളവയുമാണ്. കൈകാലുകളിൽ നാലു വിരലുകൾ വീതമുണ്ട്. മിക്കവാറും കൂട്ടത്തോടെയാണ് കഴുതപ്പുലികൾ ഇരതേടുക. കുറ്റിക്കാടുകളും പാറയിടുക്കുകളുമൊക്കെയാണ് ഇവയുടെ താവളങ്ങൾ.

കഥാസാരം

ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ സ്നേഹിച്ചും സഹകരിച്ചും കഴിഞ്ഞ അയൽക്കാരായിരുന്നു സൂസമ്മയും സിസിലിയും. 20 വർഷംമുമ്പ് സിസിലി വീടുവിറ്റ് ഹൈറേഞ്ചിലേക്കു പോയി. പിന്നീട് തമ്മിൽ ബന്ധമുണ്ടായില്ല. സൂസമ്മയുടെ മകൻ ജയേഷിന്റെ കല്യാണത്തിനു ക്ഷണിക്കാൻ ചെന്നപ്പോഴാണ് വീണ്ടും കാണുന്നത്. ഭർത്താവിനെ ആന ചവിട്ടിക്കൊന്നതിനു ശേഷം എട്ടുവർഷമായി സിസിലിയുടെ കുടുംബജീവിതം ദുരിതപൂർണമായിരുന്നു. സിസിലിയുടെ മകൾ എൽസയുടെ സംസാരവും പെരുമാറ്റവും ജയേഷിന് നന്നേ ഇഷ്ടമായി. ജയേഷിന്റെ വിവാഹം നടന്നു. ഭാര്യ വർഷ മോഡേൺ ചിന്താഗതിക്കാരിയായിരുന്നതിനാൽ പൊരുത്തപ്പെട്ടു പോകാൻ നന്നേ ബുദ്ധിമുട്ടി. ഒരു വണ്ടിയപകടത്തിൽ പരിക്കേറ്റ് എൽസയുടെ കാലിന് സ്വാധീനക്കുറവ് വന്നതിനാൽ മുടന്തിയാണ് അവൾ നടന്നിരുന്നത്. അതുകൊണ്ട് അവളുടെ വിവാഹം നടന്നില്ല. ഇടവകവികാരി ഫാദർ മാത്യു കുരിശിങ്കൽ പണം സംഘടിപ്പിച്ചുകൊടുത്ത്, സർജറി നടത്തി മുടന്തുമാറ്റി. സർജറി നടത്തിയ ഡോക്ടർ മനുവുമായി എൽസ സൗഹൃദത്തിലായി. എൽസയുടെ ക്ഷണം സ്വീകരിച്ച് ഡോക്ടർ മനു ഒരു ദിവസം അവളുടെ വീട് സന്ദർശിച്ചു. ഇതിനിടയിൽ വർഷ ഗർഭിണിയായി. ജയേഷും അമ്മയും ഒരുപാട് സന്തോഷിച്ചെങ്കിലും ഉടനെ ഒരു കുഞ്ഞ് വേണ്ടെന്നായിരുന്നു വർഷയുടെ മനസ്സിൽ. ഭർത്താവറിയാതെ വർഷയും അമ്മയും ഒരു പദ്ധതി തയ്യാറാക്കി ഗർഭച്ഛിദ്രം നടത്തി.

(തുടർന്നു വായിക്കുക)

ഫോൺ ബെല്ലടിക്കുന്നതു കേട്ടപ്പോൾ ജയേഷ് എണീറ്റു ചെന്നു മേശപ്പുറത്തുനിന്ന് ഫോൺ എടുത്തു. വർഷയുടെ പേരു കണ്ടതും കോൾ അക്സപ്റ്റ് ചെയ്തിട്ട് ഫോൺ കാതോടു ചേർത്തു.

"എന്തേ വർഷേ, രാവിലെ പതിവില്ലാതെ ഒരു വിളി?"

"ഞാൻ വർഷയുടെ അമ്മയാ."

ഷൈനിയുടെ ശബ്ദം ഇടറിയതു കേട്ടപ്പോൾ ജയേഷിന് ഉത്കണ്ഠയായി.

"എന്താമ്മേ?"

"വർഷ ഹോസ്പിറ്റലിലാ. അവളിന്നു രാവിലെ ബാത്റൂമിൽ കാലുതെന്നി ഒന്നു വീണു. ബ്ലീഡിങ് ഉണ്ടായി. ഹോസ്പിറ്റലിൽ കൊണ്ടുചെന്നപ്പം കുഞ്ഞ് അബോർഷനായീന്നു പറഞ്ഞു."

"ദൈവമേ, എന്റെ കുഞ്ഞ് പോയോ?" ഒരു കരച്ചിലായിരുന്നു ജയേഷ്.

"ഏതു ഹോസ്പിറ്റലിലാ അമ്മേ?"

ഷൈനി ആശുപത്രിയുടെ പേരു പറഞ്ഞു.

"ഞാനുടനെ വരാം."

കോൾ കട്ട് ചെയ്തിട്ട് ജയേഷ് തിടുക്കത്തിൽ താഴേക്കിറങ്ങിച്ചെന്നു. സൂസമ്മ അടുക്കളയിൽ ജോലിയിലായിരുന്നു.

"അമ്മേ..."

ജയേഷിന്റെ ഇടറിയ ശബ്ദത്തിലുള്ള വിളികേട്ടതും അവർ തിരിഞ്ഞുനോക്കി.

"നമ്മുടെ കുഞ്ഞ് പോയി അമ്മേ."

ഓടിച്ചെന്ന് അമ്മയെ കെട്ടിപ്പിടിച്ച് അവൻ കരഞ്ഞു.

"നീ എന്താ ഈ പറയുന്നേ?"

സൂസമ്മയ്ക്ക് ഒന്നും മനസ്സിലായില്ല. കരച്ചിലിനിടയിൽ ജയേഷ് കാര്യം പറഞ്ഞു. സൂസമ്മ തളർന്നിരുന്നുപോയി.

"ഞാൻ ആശുപത്രീലേക്കൊന്നു ചെല്ലട്ടെ അമ്മേ?"

"തനിയെ പോകണ്ട. ഞാനും വരാം. നീ പോയി ഡ്രസുമാറി വാ. അപ്പോഴേക്കും ഞാൻ സാരി മാറി വരാം."

സൂസമ്മ എണീറ്റു. ജയേഷ് മുറിയിലേക്കുപോയിക്കഴിഞ്ഞപ്പോൾ സൂസമ്മ മൊബൈൽ എടുത്തു ഭർത്താവിന്റെ നമ്പർ ഡയൽ ചെയ്തു. വിവരം അറിഞ്ഞപ്പോൾ ജോസിനും വലിയ സങ്കടമായി.

"കട അടച്ചിട്ട് ഞാൻ വരാം സൂസമ്മേ."

"വേണ്ട ജോസേ. ഞാനും അവനുംകൂടി പൊക്കോളാം. ജോസ് വന്നിട്ടും കാര്യമില്ലല്ലോ. പോയതു പോയില്ലേ..."

സൂസമ്മയ്ക്ക് സങ്കടം നിയന്ത്രിക്കാൻ കഴിഞ്ഞില്ല. കിടപ്പുമുറിയിലേക്കു പോയി തിടുക്കത്തിൽ അവർ വേഷം മാറി. തിരികെ സ്വീകരണമുറിയിലേക്കു വന്നപ്പോൾ ജയേഷ് പോകാൻ റെഡിയായി കാത്തുനില്പുണ്ടായിരുന്നു.

പുറത്തേക്കിറങ്ങി വീടു പൂട്ടിയിട്ടു വന്നു കാറിൽ കയറി. വണ്ടി ഓടിക്കൊണ്ടിരിക്കുമ്പോൾ സൂസമ്മ പറഞ്ഞു:

"അവിടെച്ചെന്നു കരഞ്ഞു നിലവിളിച്ച് ഒരു സീൻ ഉണ്ടാക്കരുതു കേട്ടോ. എല്ലാം ദൈവത്തിന്റെ പദ്ധതിയാന്ന് ഓർത്ത് സമാധാനപ്പെടാൻ നോക്കണം."

ജയേഷ് ഒന്നും മിണ്ടിയില്ല. ആർത്തലയ്ക്കുന്ന സമുദ്രംപോലെയായിരുന്നു അവന്റെ മനസ്സ്. നല്ല സ്പീഡിലാണ് കാർ ഓടിയിരുന്നത്.

ആശുപത്രിയിലെ പാർക്കിങ് ഏരിയായിൽ വണ്ടി പാർക്കു ചെയ്തിട്ട് തിടുക്കത്തിൽ പടികൾ കയറി രണ്ടാം നിലയിലേക്കു ചെന്നു. റൂം നമ്പർ 116 ഏതെന്ന് ഒരു നഴ്സിനോടു തിരക്കിയിട്ട് നേരേ അങ്ങോട്ടു നടന്നു.

വാതിൽ അടഞ്ഞുകിടക്കുകയായിരുന്നു. സാവധാനം തള്ളിത്തുറന്നു. ജയേഷിനെ കണ്ടതും ഷൈനി കസേരയിൽനിന്നെണീറ്റ് ഓടിവന്ന് അവനെ ചേർത്തു പിടിച്ച് വിതുമ്പിക്കരഞ്ഞു.

# നോവൽ 15

## ഇഗ്നേഷ്യസ് കലയന്താനി



# കിഴക്കൻകാറ്റ്

കട്ടിലിൽ സങ്കടഭാരത്തോടെ കിടക്കുകയായിരുന്നു വർഷ. ഭർത്താവിനെ കണ്ടതും അവൾ എണീറ്റിരുന്നിട്ട് ഏങ്ങിയേങ്ങി കരഞ്ഞു. ജയേഷ് അടുത്തുചെന്ന് അവളുടെ മുഖം നെഞ്ചോടു ചേർത്തുപിടിച്ചിട്ട് കവിളിൽ തലോടി.

"നമ്മുടെ കുഞ്ഞു പോയി ജയേഷേ..."

ഭർത്താവിന്റെ കൈപിടിച്ച് അവൾ ഏങ്ങലടിച്ചു കരഞ്ഞു.

"സാരമില്ല. ദൈവം തന്നു. ദൈവം എടുത്തു എന്നങ്ങു വിചാരിച്ചാൽ മതി."

"എന്നാലും... ഒരുപാട് ആശിച്ചിരുന്നിട്ട്..."

അവൾ പൊട്ടിക്കരഞ്ഞു.

"നമ്മൾ ആശിക്കുന്നതെല്ലാം കിട്ടിക്കൊള്ളണമെന്നില്ലല്ലോ. കരയണ്ട. മനഃപൂർവം ഒന്നും ചെയ്തതല്ലല്ലോ. നിന്റെ കരച്ചിലു കാണുമ്പോൾ എന്റെ മനസ്സു തളർന്നു പോകും. കരയാതിരിക്ക്." ജയേഷ് അവളുടെ കണ്ണുകൾ ഒപ്പി.

"രാവിലെ ബാത്റൂമിൽ കയറിയതായിരുന്നു. കാലുതെന്നി വീണു. ബ്ലീഡിങ് ഉണ്ടായീന്നു കണ്ടപ്പം ഓടി ഇങ്ങോട്ടു പോന്നു."

"അതെന്താ ഇത്രയും ദൂരെ ഈ ആശുപത്രീലേക്കു വന്നത്?"

"പപ്പയുടെ ഫ്രണ്ടാ ഈ ആശുപത്രീടെ ഓണർ ഡോക്ടർ എലിസബത്ത്. ഡോക്ടറെ വിളിച്ചപ്പം നേരേ ഇങ്ങോട്ടു കൊണ്ടുവന്നോളാൻ പറഞ്ഞു."

"സാരമില്ലാട്ടോ! നമുക്കു വിധിച്ച കുഞ്ഞല്ല ഇതെന്നു കരുതി സമാധാനിക്കാൻ നോക്ക്..."

ജയേഷ് അവളുടെ കവിളിൽ തലോടിക്കൊണ്ടിരുന്നു.


ഷൈനി സൂസമ്മയോടു വിശേഷങ്ങൾ പറഞ്ഞുകൊണ്ടു നിൽക്കുകയായിരുന്നു. ഷൈനിയുടെ സങ്കടം കണ്ടപ്പോൾ സൂസമ്മ പറഞ്ഞു:

"സാരമില്ല ഷൈനി. എല്ലാം ദൈവത്തിന്റെ പരീക്ഷണമാണെന്നു വിചാരിച്ചു സമാധാനിക്കാൻ നോക്ക്."

"എന്റെ വീട്ടിൽവച്ചാണല്ലോ ഇതു സംഭവിച്ചേന്നോർക്കുമ്പഴാ സൂസമ്മേ വല്യ വിഷമം."

"അതിപ്പം എവിടെവച്ചായാലും നമ്മുടെ ആരുടേം കുറ്റം കൊണ്ടല്ലല്ലോ. ഇത്രയല്ലേ സംഭവിച്ചുള്ളൂന്ന് സമാധാനിക്ക്. വല്ല കയ്യോ കാലോ നടുവോ ഒടിഞ്ഞിരുന്നെങ്കിലോ!"

"എന്നാലും... ഓർക്കുമ്പം ചങ്കുപൊട്ടിപ്പോകുന്ന വേദനയാ സൂസമ്മേ."



ഷൈനി തളർന്നു കസേരയിലിരുന്നിട്ട് നെറ്റിയിൽ കൈ ഊന്നി. സൂസമ്മ ഓരോന്നു പറഞ്ഞു സമാധാനിപ്പിച്ചു.

ഒരു മണിക്കൂർ ആശുപത്രിയിൽ ചെലവിട്ടിട്ട് ജയേഷും സൂസമ്മയും യാത്ര പറഞ്ഞു പിരിഞ്ഞു. അവർ പോയിക്കഴിഞ്ഞപ്പോൾ വർഷ ചിരിച്ചുകൊണ്ടുപറഞ്ഞു:

"വന്നു കയറിയതേ അമ്മയുടെ ആ കരച്ചിലും പിഴിച്ചിലും കലക്കി. ഓസ്കാർ അവാർഡ് കിട്ടേണ്ട അഭിനയമായിരുന്നു."

"നീയും മോശമല്ലായിരുന്നു. ഏതായാലും ഇലയ്ക്കും മുള്ളിനും കേടില്ലാതെ പ്രശ്നം സോൾവ് ചെയ്തല്ലോ."

"ഇപ്പം എന്നോടു പണ്ടത്തേക്കാൾ കൂടുതൽ സ്നേഹമായിക്കാണും ജയേഷിന്."

"അബദ്ധത്തിലെങ്ങാനും നിന്റെ വായീന്ന് സത്യം പുറത്തു ചാടാതിരിക്കാൻ നോക്കിക്കോണം."

"അതു ഞാൻ നോക്കിക്കോളാം. അമ്മ ആരോടും പറയാതിരുന്നാൽ മതി." അവൾ എണീറ്റ് കുപ്പിയിൽനിന്ന് ഒരു ഗ്ലാസ് വെള്ളം പകർന്നു കുടിച്ചു.

* * *

ഒരു ശനിയാഴ്ച വൈകുന്നേരം!

വീടിന്റെ പടിഞ്ഞാറുവശത്തെ പറമ്പിന്റെ അതിർത്തിയിൽ, വലിയ പാറയുടെ മുകളിൽ, പടർന്നുപന്തലിച്ചു നിൽക്കുന്ന മരത്തിന്റെ ചുവട്ടിലിരുന്നു വിശേഷങ്ങൾ പറയുവായിരുന്നു എൽസയും നിഷയും. എൽസയുടെ ഏറ്റവും പ്രിയപ്പെട്ട കൂട്ടുകാരിയാണ് നിഷ. സ്കൂളിൽ ഒരു ക്ലാസിൽ ഒരു ബഞ്ചിലിരുന്നു പഠിച്ചവർ. എൽസയുടെ വീട്ടിൽനിന്ന് ഇരുന്നൂറു മീറ്റർ ദൂരമേയുള്ളൂ നിഷയുടെ വീട്ടിലേക്ക്.

ഇടയ്ക്ക് സമയം കിട്ടുമ്പോഴൊക്കെ വർത്തമാനം പറയാനായി നിഷ എൽസയുടെ വീട്ടിലേക്കു വരും. രണ്ടുപേരും കൂടി നേരേ പാറപ്പുറത്തേക്കു വച്ചുപിടിക്കും. അവിടെ മരത്തിനു ചോട്ടിലിരുന്നാണ് വർത്തമാനം. കാറ്റുകൊണ്ടിരിക്കാൻ നല്ല സുഖമാണ്. വിശേഷങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നതിനിടയിൽ നിഷ പറഞ്ഞു:

"ങ്ഹ... ഒരു സന്തോഷവാർത്ത പറയാൻ ഞാൻ വിട്ടു. എന്റെ കല്യാണം നിശ്ചയിച്ചൂട്ടോ."

"ഉവ്വോ! എന്നാ കല്യാണം."

"അടുത്തമാസം 23 ന്"

"ആൾക്ക് ജോലി ഒണ്ടോ?"

"സ്കൂൾ മാഷാ. മിനിയാന്നാ എല്ലാം ഫിക്സ് ചെയ്തത്. കടുത്തുരുത്തീലാ വീട്."

"ഓഹോ... അപ്പം നീ ഈ മലമോളീന്ന് താഴേക്കു പോകുവാ അല്ലേ? ഭാഗ്യവതി."

നിഷ ചിരിച്ചതേയുള്ളൂ.

"സത്യം പറഞ്ഞാൽ വയനാട്ടിലെ ഉരുൾപൊട്ടലിനെപ്പറ്റി കേട്ടപ്പം ഈ മലമോളിൽ കിടക്കാൻ എനിക്കിപ്പം പേടിയാ നിഷേ! ഒരു ഗ്രാമം മുഴുവൻ അവിടെ ഒലിച്ചുപോയില്ലേ! രാത്രി മഴ പെയ്യുമ്പം ഞാൻ എണീറ്റിരുന്നു ജപമാല ചൊല്ലും. എപ്പഴാ എവിടെയാ എന്താ സംഭവിക്കുവാന്ന് പറയാൻ പറ്റില്ലല്ലോ. ഈ സ്ഥലം വിറ്റിട്ട് താഴേക്കു പോകാന്നുവച്ചാൽ ആരു മേടിക്കാനാ. പണ്ട് കാട്ടുമൃഗങ്ങളെ പേടിച്ചാ മതിയായിരുന്നു. ഇപ്പം ഉരുൾപൊട്ടലിനെയും പേടിക്കേണ്ട സ്ഥിതിയായി."

"എന്റെ പപ്പേം ഇതു പറയാറുണ്ട്. വിൽക്കാൻ ഒരുപാട് നോക്കീതാ. വാങ്ങാൻ ആളു വേണ്ടേ!" നിഷയ്ക്കും സങ്കടമായിരുന്നു.

"ഏതായാലും നീ രക്ഷപ്പെട്ടല്ലോ!"

"എന്തു രക്ഷപ്പെടാൻ. പപ്പേം അമ്മേം അനിയനും ഇവിടെ കിടക്കുമ്പം എനിക്കു സമാധാനത്തോടെ അവിടെ കഴിയാൻ പറ്റുവോ!

*ശേഷം 14-ാം പേജിൽ*

# വാഴ്ത്തപ്പെട്ട പീറ്റർ തൊ റോട്ട് പാപ്പുവ ന്യൂഗിനിയുടെ അല്മായ രക്തസാക്ഷി



സിൽജി ജെ. ടോം

ഓഷ്യാനിയ ഭൂഖണ്ഡത്തിലെ ബൃഹത്തായ പാപ്പുവ ന്യൂഗിനി ദ്വീപസമൂഹങ്ങളിൽ ക്രിസ്തുവിന്റെ സ്നേഹദൂതു പകർന്നു കടന്നുപോയ വിശ്വാസപ്രഘോഷകനാണു വാഴ്ത്തപ്പെട്ട പീറ്റർ തൊ റോട്ട്. ആദിവാസിസമൂഹത്തിൽ പിറന്ന് ക്രിസ്തീയവിവാഹജീവിതത്തിന്റെ പവിത്രത സംരക്ഷിക്കുന്നതിനായി 33-ാം വയസ്സിൽ ജീവിതം ഹോമിക്കേണ്ടിവന്ന ഈ അല്മായരക്തസാക്ഷി വിശുദ്ധപദവിയിലേക്കുള്ള വഴികളിൽ ഏറെ ചേർന്നുനിൽക്കുകയാണ്. 2024 സെപ്റ്റംബർ 8, 9 തീയതികളിലായി ആഗോളകത്തോലിക്കാസഭയുടെ പരമാധ്യക്ഷനായ ഫ്രാൻസീസ് മാർപാപ്പ പാപ്പുവ ന്യൂഗിനിയിലേക്കെത്തിയപ്പോൾ വാഴ്ത്തപ്പെട്ട പീറ്റർ തൊ റോട്ട് എന്ന തദ്ദേശീയനായ അല്മായരക്തസാക്ഷിയെയും ലോകം ആദരവോടെ ശ്രദ്ധിച്ചു.

സ്നേഹിക്കാൻമാത്രമറിയുന്ന ഒരു പാവം ജനതയാണ് തന്റെ അജഗണമെന്ന് പാപ്പുവ ന്യൂഗിനിയിലെ അയിത്തപ്പെ രൂപതയുടെ ശ്രേഷ്ഠ ഇടയൻ മലയാളിയായ ബിഷപ് ഡോ. സിബി മാത്യു പീടികയിൽ  പറയുന്നു. ഇന്നിവിടെ കത്തോലിക്കാസഭയുടെ നാല് അതിരൂപതകളിലായി 19 രൂപതകളുണ്ട്. ഒരു കോടി ആറു ലക്ഷം വരുന്ന ജനസംഖ്യയുടെ 27 ശതമാനം ആളുകൾ കത്തോലിക്കാവിശ്വാസികളാണ്.

ഇന്നത്തെ പാപ്പുവ ന്യൂഗിനിയിലെ റകുണൈ ഗ്രാമത്തിൽ ആഞ്ചലോ തൊപൂയയുടെയും മരിയയുടെയും മകനായി 1912 ലാണ് പീറ്റർ തൊ റോട്ടിന്റെ ജനനം. ക്രിസ്ത്യൻവിശ്വാസത്തിലേക്കു പരിവർത്തനം ചെയ്യപ്പെട്ട മാതാപിതാക്കൾ പ്രദേശത്തെ ആദ്യത്തെ കത്തോലിക്കരിൽപ്പെടുന്നു. ഗ്രാമത്തലവനായിരുന്ന ആഞ്ചലോ തൊ പൂയയും ഭാര്യയും തങ്ങളുടെ ക്രിസ്തീയവിശ്വാസത്തിൽ ഏറെ അഭിമാനിച്ചിരുന്നു.

കാത്തലിക് മിഷനറി സ്കൂളുകളിൽനിന്നു വിദ്യാഭ്യാസം നേടിയ പീറ്റർ പതിനെട്ടാം വയസ്സിൽ കാറ്റെക്കിസ്റ്റ് സ്കൂളിൽ ചേർന്നു. പഠനം കഴിഞ്ഞ് ഇരുപത്തൊന്നാം വയസ്സിൽ റകുണൈയിൽ തിരിച്ചെത്തിയ പീറ്റർ കുട്ടികളെ കാറ്റക്കിസം പഠിപ്പിച്ചു, രോഗികളെ സന്ദർശിച്ചു, മുതിർന്നവരെ വിശ്വാസത്തിൽ ഉറപ്പിച്ചുനിർത്തി. ഇരുപത്തിരണ്ടാം വയസ്സിൽ പൗള ലാ വർപ്പിതുമായി പീറ്ററിന്റെ വിവാഹം നടന്നു. മൂന്നു മക്കളാണ് ഈ ദമ്പതികൾക്ക്. പീറ്ററിന്റെ  ദാമ്പത്യം സന്തോഷകരവും മാതൃകാപരവുമായിരുന്നു. എല്ലാ ദിവസവും രാവിലെയും വൈകുന്നേരവും ദമ്പതികൾ ഒരുമിച്ചു പ്രാർഥിച്ചു. ബൈബിളും കൈയിലേന്തി നാടെങ്ങും വചനം പങ്കുവയ്ക്കാൻ ഇഷ്ടപ്പെട്ട പീറ്റർ പ്രദേശവാസികൾക്കും പ്രിയങ്കരനായിരുന്നു.

**ജപ്പാന്റെ അധിനിവേശകാലം - വിശ്വാസവഴികളിൽ പ്രതിസന്ധി**

എന്നാൽ, രണ്ടാം ലോകമഹായുദ്ധകാലത്ത് കാര്യങ്ങൾ മാറിമറിഞ്ഞു.1942 ൽ ജപ്പാൻ പാപ്പുവ ന്യൂഗിനിയെ ആക്രമിച്ച് പ്രദേശത്തെ പുരോഹിതരെയെല്ലാം ജയിലിലടച്ചു. മിഷനറിമാർക്കു തങ്ങളുടെ വിശ്വാസിസമൂഹത്തിനൊപ്പം ഗ്രാമങ്ങളിൽ താമസിക്കാൻ കഴിയാത്ത സാഹചര്യമുണ്ടായതോടെ പ്രദേശത്തെ ആളുകൾ കൂദാശകൾ ലഭിക്കാതെ മരിക്കുന്നതു പതിവായി. ജപ്പാൻസൈന്യം റകുണൈയുടെ ചുമതലയുള്ള ഫാ. ലോഫറിനെ ജയിൽക്യാമ്പിലേക്ക് അയച്ചപ്പോൾ ഫാ. ലോഫർ റകുണൈയുടെ ആത്മീയപരിചരണം പീറ്റർ തൊ റോട്ടിനെ ഏല്പിച്ചു. ഇടവകയുടെ ഉത്തരവാദിത്വങ്ങൾ  ഏറ്റെടുത്ത പീറ്റർ വൈദികന്റെ അഭാവത്തിൽ മതബോധനം നടത്തുകയും വിവാഹങ്ങൾക്കു സാക്ഷ്യം വഹിക്കുകയും രോഗികളെ സന്ദർശിക്കുകയും മരണാസന്നരെ ഒരുക്കുകയും ശവസംസ്കാരച്ചടങ്ങുകൾ നടത്തുകയും ചെയ്തു. ചെറിയ പ്രാർഥനാഗ്രൂപ്പുകൾ രൂപീകരിച്ച് തൊ റോട്ട് ആളുകളെ ദൈവത്തിങ്കലേക്കു ചേർത്തുനിർത്തി. രജിസ്റ്ററിൽ ഇടവകപ്രവർത്തനങ്ങൾ രേഖപ്പെടുത്തി.



**ബഹുഭാര്യത്വവിവാദം- സൈന്യം കടുത്ത നിലപാടിലേക്ക്**

1943 അവസാനത്തോടെ ക്രൈസ്തവവിശ്വാസത്തോടുള്ള ജപ്പാന്റെ എതിർപ്പ് അതിന്റെ പാരമ്യത്തിലെത്തി. 1944 മാർച്ചിൽ പീറ്ററിനെ മതപരമായ കർമങ്ങളിൽ ഏർപ്പെടുന്നതിൽനിന്നു വിലക്കി. റകുണൈ ജനതയെ തങ്ങൾക്കനുകൂലമായി നിലനിർത്തുന്നതിന് ജപ്പാൻ റകുണൈ ഗ്രാമത്തലവന്മാരുടെ പ്രത്യേക യോഗം വിളിച്ചു. ജപ്പാനോട് കൂറു പ്രകടിപ്പിക്കുന്ന ഗ്രാമത്തലവന്മാർക്കുള്ള ആനുകൂല്യമെന്ന നിലയിൽ, മുൻ സർക്കാരുകളും ക്രിസ്ത്യൻസഭകളും നിരോധിച്ച തൊളായ് (ബഹുഭാര്യത്വം) പാപ്പുവ ന്യൂഗിനിയിൽ നിയമവിധേയമാക്കാൻ അനുവദിച്ചു. എന്നാൽ, ബഹുഭാര്യത്വത്തെ പീറ്റർ തൊ റോട്ട് എതിർത്തത് ജപ്പാൻകാരെ ചൊടിപ്പിച്ചു. പീറ്ററിന്റെ പ്രവർത്തനങ്ങളും ശുശ്രൂഷയും ജാപ്പനീസ് പൊലീസും സൈന്യവും ശ്രദ്ധിച്ചു. പലതവണ, പൊലീസ് അദ്ദേഹത്തെ വിളിച്ചുവരുത്തുകയും ഭീഷണിപ്പെടുത്തുകയും ചെയ്തു.

എന്നാൽ, പീറ്റർ സുഹൃത്തുക്കളോടു പറഞ്ഞു: “പ്രാർഥനയിൽനിന്നു നമ്മെ അകറ്റാനാണ് അവർ ലക്ഷ്യമിടുന്നത്, എന്നാൽ, ഞാൻ നിങ്ങളുടെ മതബോധകനാണ്, ജീവൻ നഷ്ടമായാലും ഞാൻ എന്റെ ദൗത്യം തുടരും.” രഹസ്യമായി, രാത്രിയുടെ മറവിലും, പ്രത്യേകമായി തയ്യാറാക്കിയ ഗുഹകളിലും, തൊ റോട്ട് പ്രാർഥനകൾ നയിച്ചു, ചെറിയ ഗ്രൂപ്പുകൾക്ക്  മതപരമായ നിർദേശങ്ങൾ നൽകി, നവജാതശിശുക്കളെ സ്നാനപ്പെടുത്തി. ഒരിടത്തുനിന്നു മറ്റൊരിടത്തേക്കു യാത്ര ചെയ്ത് തന്റെ സമൂഹത്തെ പ്രചോദിപ്പിച്ചു.



*വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പാ പീറ്റർ തൊ റോട്ടിനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചതിനുശേഷം അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടങ്ങൾ കുടികൊള്ളുന്ന പേടകത്തിനുമുന്നിൽ പ്രാർഥിക്കുന്നു.*

**പീറ്ററിന്റെ പീഡനങ്ങളും രക്തസാക്ഷിത്വവും**

ബഹുഭാര്യത്വം നിയമവിധേയമാക്കുന്നതിലെ എതിർപ്പിനെത്തുടർന്ന് പീറ്ററിനെ ഒരു മാസത്തെ തടവിനു ശിക്ഷിച്ചു. അദ്ദേഹം പ്രാർഥനാശുശ്രൂഷകൾ നടത്തിയിരുന്ന ഗുഹകളിൽ ജപ്പാൻസൈന്യം തിരച്ചിൽ നടത്തി, അദ്ദേഹത്തിന്റെ വീടു പരിശോധിച്ചു പുസ്തകങ്ങൾ കണ്ടുകെട്ടി. വിശ്വാസത്തിനുവേണ്ടിയും തന്റെ പ്രിയപ്പെട്ട ജനങ്ങൾക്കുവേണ്ടിയും മരിക്കാൻ തയ്യാറാണെന്ന് അദ്ദേഹം തന്നെ കാണാനെത്തിയ ജനങ്ങളോടു പറഞ്ഞു. കഷ്ടപ്പാടുകളുടെയും മരണത്തിന്റെയും ഭയം പീറ്ററിനെ പിന്തിരിപ്പിച്ചില്ല.

രക്തസാക്ഷിത്വത്തിന്റെ ആ രാത്രിയിൽ മറ്റു തടവുകാരെ മുഴുവനും മാറ്റിയശേഷം ഒരു സൈനികഡോക്ടറുടെ സഹായത്തോടെ ജാപ്പനീസ് മിലിട്ടറി പൊലീസിലെ രണ്ട് ഉദ്യോഗസ്ഥർ പീറ്ററിന് ഒരു കുത്തിവയ്പു നൽകി. ശരീരത്തിൽ മാരകമായ വിഷം കുത്തിവച്ചുള്ള ചതിക്കൊലയായിരുന്നു അത്. ആ രാത്രി പാപ്പുവ ന്യൂഗിനിക്ക് തങ്ങളുടെ ഏറ്റവും മികച്ച മതബോധകനെ, പ്രിയപ്പെട്ട ആത്മീയനേതാവിനെ നഷ്ടപ്പെട്ടു. എന്നാൽ, കുടുംബങ്ങൾക്കും വിവാഹകൂദാശയ്ക്കുമായി  ആഗോളതലത്തിൽ സഭയ്ക്കൊരു സംരക്ഷകനെ കിട്ടി. രക്തസാക്ഷിത്വം വരിക്കുമ്പോൾ 33 വയസായിരുന്നു പീറ്ററിന്. താൻ ആർക്കുവേണ്ടി ജീവിച്ചുവോ ആ ദിവ്യഗുരുവിന്റെ മരണത്തിന്റെ അതേപ്രായം. പിറ്റേദിവസം മറ്റു തടവുകാർ വന്നപ്പോൾ പീറ്റർ രോഗത്താൽ മരിച്ചുവെന്ന് അവർ പറഞ്ഞു. എന്നാൽ, മൃതശരീരത്തിൽ മർദനത്തിന്റെയും കുത്തിവച്ചതിന്റെയും പാടുകൾ കണ്ടിരുന്നു. അദ്ദേഹം ശുശ്രൂഷിച്ച പള്ളിയുടെ സമീപത്തെ  സെമിത്തേരിയിൽ ജനം പീറ്ററിനെ സംസ്കരിച്ചു. ജാപ്പനീസ് പൊലീസിന്റെ സാന്നിധ്യം വകവയ്ക്കാതെ പീറ്ററിന്റെ ശവസംസ്കാരച്ചടങ്ങിൽ പങ്കെടുത്ത വലിയ ജനക്കൂട്ടം പീറ്ററിനെ രക്തസാക്ഷിയായി അന്നുതന്നെ കണക്കാക്കിയിരുന്നു.

1995 ജനുവരി 17 ന് പീറ്ററിന്റെ രക്തസാക്ഷിത്വത്തിന്റെ അമ്പതാമത് വർഷത്തിൽ പാപ്പുവ ന്യൂഗിനിയുടെ തലസ്ഥാനമായ പോർട്ട് മോറെസ്ബിയിൽ വച്ച് ജോൺ പോൾ രണ്ടാമൻ മാർപാപ്പാ പീറ്ററിനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ച് അൾത്താരവണക്കത്തിന് അനുവദിച്ചു. നഗരത്തിലെ സർ ജോൺ ഗൈസ് സ്റ്റേഡിയത്തിലായിരുന്നു പ്രഖ്യാപനം. പാപ്പുവ ന്യൂഗിനിയിൽ വിശുദ്ധ ജോൺ പോൾ രണ്ടാമന്റെ രണ്ടാമത്തെ സന്ദർശനവേളയും നാടിന് മറ്റൊരു പുണ്യമായി. ഇപ്പോൾ ഇതാ ഫ്രാൻസീസ് പാപ്പായുടെ സന്ദർശനവും ആ രാജ്യത്തിനും പ്രാദേശികകത്തോലിക്കാസഭയ്ക്കും അനുഗ്രഹപൂരിതമായിരിക്കുന്നു.

റബൗൾ അതിരൂപതയിൽപ്പെട്ട റകുണൈയിൽ വാഴ്ത്തപ്പെട്ട പീറ്ററിന്റെ പേരിലുള്ള ദൈവാലയം ഇന്നു വലിയ തീർഥാടനകേന്ദ്രമാണ്. ജൂലൈ 7 നാണ് വാഴ്ത്തപ്പെട്ട പീറ്റർ തൊ റോട്ടിന്റെ തിരുനാൾ. ■

# രക്തദാനരംഗത്ത് മൂന്നുപതിറ്റാണ്ടുകൾ പിന്നിട്ട് ഷിബു തെക്കേമറ്റം





*ദേശീയരക്തദാനദിനമായ ഒക്ടോബർ ഒന്നിന് പാലാ ബ്ലഡ് ഫോറം സംഘടിപ്പിച്ച രക്തദാനക്യാമ്പിൽ 125-ാം തവണ രക്തം ദാനം ചെയ്യുന്ന ഷിബു തെക്കേമറ്റം.*

പാലാ: രക്തദാനരംഗത്തു മൂന്നു പതിറ്റാണ്ടുകൾ പിന്നിടുകയാണ് ജീവകാരുണ്യപ്രവർത്തകനായ പാലായുടെ ഷിബു തെക്കേമറ്റം. മനുഷ്യജീവന് അത്യന്താപേക്ഷിതമായ രക്തം സഹജീവികൾക്ക് സസന്തോഷം ദാനം ചെയ്തും ആവശ്യക്കാർക്ക് എപ്പോൾ വേണമെങ്കിലും എത്തിച്ചുനൽകിയുമാണ് ഷിബു ജീവകാരുണ്യപ്രവർത്തനങ്ങളിൽ പങ്കാളിയാകുന്നത്. അപകടങ്ങളിൽപ്പെട്ടും മാരകമായ അസുഖങ്ങൾ ബാധിച്ചും മറ്റും ചികിത്സയിൽ കഴിയുന്ന ബന്ധുജനങ്ങൾക്കോ സുഹൃത്തുകൾക്കോ അയൽവാസികൾക്കോ ജീവൻ നിലനിർത്തുന്നതിനു രക്തത്തിനായി നെട്ടോട്ടമോടുന്നവരാണ് നമ്മളിൽ പലരും. എന്നാൽ, കോട്ടയം ജില്ലയിലെ പല ആശുപത്രികളിലും ഇന്ന് ആ അവസ്ഥയില്ല. കോളജുതലംമുതൽ സാമുദായികതലത്തിൽവരെ ഇന്ന് രക്തം നൽകുന്നവരുടെ പട്ടിക തയ്യാറാണ്. രക്തദാനം മഹാദാനം എന്ന സന്ദേശം ഉൾക്കൊണ്ട് നിരവധി രക്തദാതാക്കൾ ജില്ലയിലുടനീളം രംഗത്തെത്തിക്കഴിഞ്ഞു. ഈ വിപ്ലവകരമായ മാറ്റത്തിനു തുടക്കംകുറിച്ചത് ഷിബു തെക്കേമറ്റം എന്ന ചെറുപ്പക്കാരന്റെ പ്രവർത്തനങ്ങളായിരുന്നു.

1988 ൽ തന്റെ അധ്യാപികയ്ക്കു രക്തം കൊടുത്തുകൊണ്ട് ജീവകാര്യണ്യരംഗത്തേക്കു കടന്നുവന്ന ഷിബു 36 വർഷത്തിനകം 125 തവണ രക്തം ദാനം ചെയ്തുകഴിഞ്ഞു. രക്തദാനത്തെക്കാൾ മഹത്തരവും പവിത്രവുമായ മറ്റൊരു ദാനവും സേവനവുമില്ലെന്നു വിശ്വസിച്ചുകൊണ്ട്, രോഗിയുടെ സഹോദരങ്ങളോ മക്കളോപോലും അവരുടെ രക്തഗ്രൂപ്പ് അറിയാനോ രക്തദാനത്തിനോ തയ്യാറാവാത്ത സാഹചര്യത്തിലാണ് സേവനസന്നദ്ധനായ ഈ ജീവകാരുണ്യപ്രവർത്തകൻ സ്വന്തം രക്തം നൽകി അന്യരുടെ ജീവൻ നിലനിർത്താൻ തയ്യാറാവുന്നത്.

പരേതനായ റ്റി.റ്റി. തോമസിന്റെയും തെയ്യാമ്മയുടെയും മകനായി പാലായ്ക്കടുത്തുള്ള കൊഴുവനാൽ തെക്കേമറ്റം കുടുംബത്തിലാണ് ഷിബുവിന്റെ ജനനം. വിളക്കുമാടം സെന്റ് ജോസഫ് ഹയർ സെക്കൻഡറി സ്കൂളിൽ ലാബ് അസിസ്റ്റന്റായി സേവനം അനുഷ്ഠിക്കുന്നു. സമർഥനായ സംഘാടകനും സാമൂഹികപ്രവർത്തകനുമാണ് ഷിബു. ഭാര്യ റെനി, മകൻ എമിൽ ടോം ഷിബു, മകൾ എലേന സൂസൻ ഷിബു.

ഐഎംഎയുടെ അപ്രീസിയേഷൻ അവാർഡ്, ലയൺസ് ക്ലബിന്റെ ഔട്ട് സ്റ്റാന്റിങ് പെർഫോർമൻസ് അവാർഡ്, ജേസീസിന്റെ ഗ്രേറ്റ് പാർട്ട് അവാർഡ് തുടങ്ങി നിരവധി സംഘടനകളുടെയും സ്ഥാപനങ്ങളുടെയും പുരസ്കാരങ്ങൾ ഷിബുവിനു ലഭിച്ചിട്ടുണ്ട്. രാജീവ് ഗാന്ധി നാഷണൽ സെന്റർ ഫോർ ഹ്യൂമാനിറ്റേറിയൻ സ്റ്റഡീസിന്റെ മികച്ച സാമൂഹികപ്രവകർത്തകനുള്ള രാജീവ് ഗാന്ധി പുരസ്കാരവും ലയൺസ് ക്ലബ് ഇന്റർ നാഷണലിന്റെ സർവീസ് എക്സലന്റ്സ് അവാർഡും ലഭിച്ച ഷിബുവിന് സംസ്ഥാന ആരോഗ്യവകുപ്പും സംസ്ഥാന ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലും സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയും സംയുക്തമായി നൽകുന്ന കേരളത്തിലെ മികച്ച രക്തദാതാവിനുള്ള 2016 ലെയും 2018ലെയും അവാർഡും ലഭിച്ചിട്ടുണ്ട്.

തന്റെ ജീവരക്തം സ്വീകരിച്ചവർ ചുറുചുറുക്കോടെ ഓടിനടക്കുന്നതു കാണുന്നതാണ് തന്നെ രക്തദാനത്തിനു പ്രേരിപ്പിക്കുന്ന കാരണമെന്ന് ഷിബു പല വേദിയിലും പറഞ്ഞിട്ടുണ്ട്. അതോടെ രക്തദാനം എന്ന മഹാ ആശയം മനസ്സിൽ ശക്തമായി. കൊഴുവനാലുള്ള സുഹൃത്തുക്കളും പരിചയക്കരുമായി ആശയം പങ്കുവച്ചു. എല്ലാവരും പിന്തുണച്ചതോടെ കൊഴുവനാൽ രക്തദാനസേന രൂപംകൊണ്ടു.

കെ.എം. ജോർജ് സ്മാരക ആർട്സ് ക്ലബാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്. സേനയുടെ പ്രവർത്തനത്തിൽ ആകൃഷ്ടരായി വിദ്യാർഥികളും അധ്യാപകരും കർഷകരും വ്യാപാരികളും ഡ്രൈവർമാരുമെല്ലാം അംഗങ്ങളായി. സേനയുടെ നേതൃത്വത്തിലുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ ഫലം കണ്ടുതുടങ്ങിയതോടെ വീട്ടമ്മമാർ ഉൾപ്പെടെയുള്ളവർ രക്തദാനരംഗത്തേക്ക് എത്തിത്തുടങ്ങി.

രക്തദാനസേന ഇന്ന് പാലാ ബ്ലഡ് ഫോറം എന്ന പേരിൽ വിപുലീകരിച്ചിരിക്കുന്നു. കോട്ടയം ജില്ലയിലെ മുപ്പത്തിരണ്ടോളം സന്നദ്ധസംഘടനകളുടെ പിന്തുണ പാലാ ബ്ലഡ് ഫോറത്തിനുണ്ട്. ഷിബു തെക്കേമറ്റം ജനറൽ കൺവീനറും പാലാ ഡിവൈ എസ് പി ചെയർമാനുമായി ഫോറം പ്രവർത്തിക്കുന്നു. നിലവിലുള്ള രക്തസ്രോതസ്സുകളെ ഏകോപിപ്പിച്ച് പൊലീസ് വകുപ്പിന്റെ നേതൃത്വത്തിൽ രക്തദാതാക്കളുടെ കരുത്തുറ്റ ശൃംഖല സാധ്യമാക്കിയിട്ടുണ്ട്. കൺട്രോൾ റും നമ്പരായ 100 ന്റെ സാധ്യതകളും ഇതിനായി ഉപയോഗപ്പെടുത്തിയിരിക്കുന്നു.

24 മണിക്കൂറും ഈ നമ്പരിൽ സേവനം ലഭ്യമാക്കുന്ന തരത്തിലാണ് സംവിധാനം. പൊലീസ് വകുപ്പ്, ജില്ലാ സന്നദ്ധരക്തദാനസമിതി, ജില്ലാ ആരോഗ്യവകുപ്പ്, കേരളാ സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി, വിവിധ രാഷ്ട്രീയ, സാമുദായിക, സാംസ്കാരിക, മതസംഘടനകൾ, വിദ്യാഭ്യാസസംഘടനകൾ, സ്ഥാപനങ്ങൾ, വ്യാപാരികൾ എന്നിവരുമായെല്ലാം ബന്ധപ്പെട്ടും ഏകോപിപ്പിച്ചുമാണ്, ജില്ലയിലെന്നല്ല, കേരളത്തിലെതന്നെ മികച്ച രക്തദാനസംഘടനകളിലൊന്നായി തിരഞ്ഞെടുക്കപ്പെട്ട പാലാ ബ്ലഡ് ഫോറത്തിന്റെ പ്രവർത്തനം. കേരളത്തിലാദ്യമായി രക്തദാനരംഗത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ് ഡെസ്ക് ജനമൈത്രി പൊലീസിന്റെ നേതൃത്വത്തിൽ പാലാ ബ്ലഡ് ഫോറം എന്ന പേരിൽ ആരംഭിക്കാൻ നേതൃത്വം കൊടുത്തത് ഷിബു തെക്കേമറ്റമാണ്.

ജില്ലാ സന്നദ്ധരക്തദാനസമിതിയുടെയും പാലാ ബ്ലഡ്ഫോറത്തിന്റെയും ജനറൽ കൺവീനർ, ലയൺസ് ക്ലബ് ഇന്റർനാഷണലിന്റെ ബ്ലഡ് ബാങ്ക് ആന്റ് ബ്ലഡ് ഡൊണേഷൻ കോ ഓർഡിനേറ്റർ, അഡ്വ. റ്റി.വി. എബ്രാഹം ഫൗണ്ടേഷന്റെ സെക്രട്ടറി, നെഹ്റു പീസ് ഫൗണ്ടേഷന്റെ ജില്ലാ ചെയർമാൻ, മീനച്ചിൽ ഫൈൻ ആർട്സ് സൊസൈറ്റി വൈസ് പ്രസിഡന്റ് തുടങ്ങിയ നിരവധി സംഘടനകളിൽ ഷിബു പ്രവർത്തിച്ചുവരുന്നു. ജനമൈത്രി പൊലീസിന്റെ ജനസമിതി അംഗവുമാണ് ഷിബു തെക്കേമറ്റം. രക്തദാനം ജീവദാനമെന്നു വിശ്വസിക്കുകയും ആ മഹാദാനത്തിന്റെ മഹത്ത്വം സ്വന്തം ജീവിതത്തിലൂടെ അന്യർക്ക് അനുഭവവേദ്യമാക്കുകയും ചെയ്യുന്ന ഷിബു രക്തദാനരംഗത്തെന്നപോലെതന്നെ മറ്റു സാമൂഹിക പ്രവർത്തനമേഖലകളിലും സജീവസാന്നിധ്യമാണ്.




*11-ാം പേജ് തുടർച്ച*

''എന്റനിയൻ കല്യാണം കഴിച്ച് ഇവിടെ വേണ്ടേ ജീവിക്കാൻ. താഴേന്ന് ആരെങ്കിലും അവന് പെണ്ണുകൊടുക്കുമോ? മുല്ലപ്പെരിയാറ് തലയ്ക്കു മുകളിൽ ഒരു ബോംബായിട്ടു കിടക്കുമ്പം ആരാ ഇങ്ങോട്ടൊരു പെണ്ണിനെ കെട്ടിച്ചയയ്ക്കുക? മലമോളിൽ ജീവിക്കുന്നോരുടെ ഉള്ളിൽ എന്നും തീയാ എൽസേ.''

''സത്യം. നിനക്കു പപ്പ ഉണ്ടെന്നുള്ള ഒരു സന്തോഷമെങ്കിലും ഉണ്ടല്ലോ. എന്റെ സ്ഥിതിയൊന്നാലോചിച്ചേ...'' എൽസ കണ്ണു തുടച്ചു. അതുകണ്ടപ്പോൾ നിഷയ്ക്കും സങ്കടം വന്നു.

''ങ്ഹ... അതുപോട്ടെ... നിന്റെ കല്യാണത്തിന് ഞാനെന്താ ഇപ്പം ഒരു സമ്മാനം തര്വാ? മേടിച്ചു തരാൻ കൈയിൽ കാശൊന്നുമില്ല.''

''ഒന്നും വേണ്ട. നിന്റെ ഈ സ്നേഹം മാത്രം മതി.''

''അതെന്നും ഉണ്ടായിരിക്കും.''

എൽസ നിഷയെ ചേർത്തുപിടിച്ച് ഒരുമ്മ കൊടുത്തു. പിന്നീട് കല്യാണത്തെക്കുറിച്ചായി സംസാരം.

വെയിൽ മാഞ്ഞപ്പോൾ രണ്ടുപേരും എണീറ്റു. തിരിഞ്ഞുനടന്ന്, പാറ ഇറങ്ങി അവർ പറമ്പിലേക്കു കാലുകുത്തി. ഒറ്റയടിപ്പാതയിലൂടെ തെല്ലുനടന്നപ്പോൾ വഴി പിരിയേണ്ട സ്ഥലമായി.

''അപ്പോ ഇനി ഒരു മാസംകൂടിയേ നീയുണ്ടാകൂ എന്നൊടൊപ്പം നീ ഈ പാറപ്പുറത്തു വന്നിരിക്കാൻ അല്ലേ?'' എൽസ ചോദിച്ചു.

''ഉം...'' അവൾ തലയാട്ടി.

''ഞാനിനി എന്തെങ്കിലും പറഞ്ഞു നിന്റെ സന്തോഷം കളയുന്നില്ല. സമാധാനമായിട്ടു പോയി രാത്രി നല്ല സ്വപ്നങ്ങളൊക്കെ കണ്ടു കിടന്നുറങ്ങ്.''

എൽസ അവളെ യാത്രയാക്കി.

ഒരു ദീർഘനിശ്വാസം വിട്ടിട്ട് എൽസ അവളുടെ വീട്ടിലേക്കുള്ള വഴിയേ നടന്നു.

വീട്ടിൽ ചെന്നപ്പോൾ സിസിലി അടുക്കളയിൽ കറി ചൂടാക്കുന്ന തിരക്കിലായിരുന്നു. നിഷയുടെ കല്യാണം ഉറപ്പിച്ചതും കല്യാണച്ചെക്കനെപ്പറ്റിയുള്ള വിശേഷങ്ങളുമെല്ലാം സവിസ്തരം അവൾ അമ്മയോടു പറഞ്ഞു കേൾപ്പിച്ചു. സിസിലിയുടെ കണ്ണു നിറഞ്ഞതു കണ്ടപ്പോൾ എൽസ അദ്ഭുതം കൂറി.

''അമ്മ എന്തിനാ കരയുന്നേ? സന്തോഷിക്കയല്ലേ വേണ്ടത്?''

''എങ്ങനെ സന്തോഷിക്കാനാ മോളേ. നീയും അവളും ഒരേ പ്രായമാ. ഒന്നിച്ചു പഠിച്ച് ഒന്നിച്ചു കളിച്ചു നടന്നതല്ലേ. അവൾക്കൊരു ജീവിതമായി. അതും സർക്കാർ ജോലിയുള്ള ഒരു പയ്യൻ. നിനക്കും വേണ്ടേ മോളേ ഒരു ജീവിതം?'' സിസിലി പൊട്ടിക്കരഞ്ഞുപോയി.

''തൊടങ്ങി. പറയണ്ടായിരുന്നൂന്ന് ഇപ്പം തോന്ന്വാ. സമയമാവുമ്പം എല്ലാം നടക്കും അമ്മേ. ഇനി നടന്നില്ലാന്നു വച്ചും എനിക്കൊരു വെഷമോം ഇല്ല. അമ്മേടെ സ്നേഹം പറ്റി എന്നും ഇവിടെ കഴിയാല്ലോ.''

അവൾ അമ്മയെ കെട്ടിപ്പിടിച്ച് ഒരുമ്മ കൊടുത്തു.

ആ സമയം മൊബൈൽ ശബ്ദിച്ചു. എൽസ ഓടിച്ചെന്ന് എടുത്തുനോക്കി. വികാരിയച്ചൻ ഫാദർ മാത്യു കുരിശിങ്കൽ ആണ്. ആകാംക്ഷയോടെ ഫോൺ കാതോടു ചേർത്തു.

''എൽസ അല്ലേ?''

''അതെ അച്ചോ.''

''നാളെ വേദപാഠം കഴിഞ്ഞ് നീ എന്നെ വന്നൊന്നു കാണണം കേട്ടോ. ഒരു കാര്യം പറയാനുണ്ട്.''

''എന്നാ അച്ചോ.''

''എടീ കൊച്ചേ, അത് ഫോണിലൂടെ പറയാൻ പറ്റാത്തോണ്ടല്ലേ ഇങ്ങോട്ടു വരാൻ പറഞ്ഞേ.''

''വരാം അച്ചോ.''

''അമ്മയ്ക്കു സുഖമല്ലേ?''

''സുഖമാ അച്ചോ.''

''ശരി. എന്നാ നാളെ കാണാം.'' ഫോൺ കട്ടായി.

ഫോൺ മേശപ്പുറത്തേക്കു വയ്ക്കുമ്പോൾ അച്ചൻ എന്തു പറയാനായിരിക്കും വിളിച്ചത് എന്ന ആകാംക്ഷയായിരുന്നു എൽസയുടെ മനസ്സിൽ. ഫോണിലൂടെ പറയാൻ പറ്റാത്ത എന്തു കാര്യമാണ്?

(തുടരും)



*ദീപനാളം പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച ഫാ. തോമസ് പാട്ടത്തിൽചിറ സിഎം.എഫിന്റെ 'കനൽ' എന്ന ഗ്രന്ഥം കറുകുറ്റി ക്ലരീഷ്യൻ പ്രൊവിൻഷ്യൽ ഹൗസിൽ റവ. ഫാ. ജോർജ് ചിറയ്ക്കൽപുരയിടത്തിനു നൽകി സെന്റ് തോമസ് പ്രൊവിൻസിന്റെ മേജർ സുപ്പീരിയർ റവ. ഫാ. സിബി ഞാവള്ളിക്കുന്നേൽ സിഎംഎഫ് പ്രകാശനം ചെയ്യുന്നു. സമീപം ഗ്രന്ഥകാരൻ.*

വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളിന് പ്രാർഥനാനിർഭരമായ ആശംസകൾ



തുണ്ടത്തിൽ സ്റ്റോഴ്സ് മാർക്കറ്റ് ജംഗ്ഷൻ, രാമപുരം

Ph. : 9744662670

ഹാർഡ്വെയർ ഐറ്റംസ്, പെയിന്റ്, മെഷീൻ ടൂൾസ്, ഫോംമെത്തകൾ, ഫ്ളോർമാറ്റുകൾ, പടുതകൾ etc...

ASIAN, DULUX കമ്പനികളുടെ അംഗീകൃതവ്യാപാരി

വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളിന് പ്രാർഥനാനിർഭരമായ ആശംസകൾ

FREE ESTIMATION & INSTALLATION

FEATURES
- Blinds & Curtains
- Photo Framing
- Lamination
- Full cover settee
- Divan Coat



JOHNSON BLINDS & CURTAINS

JOHNSON FURNISHING

ALANOLICKAL BUILDINGS RAMAPURAM

CALL NOW 9447803477

Proprietor : Soby Alanolickal

വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളിന് പ്രാർഥനാനിർഭരമായ ആശംസകൾ



Mother Superior & Community

CONGREGATION OF JESUS (C.J. SISTERS)

Mary Ward Convent, Pizhaku. Phone:04822-260763

Principal, Staff & Students

Nirmala Public School, Pizhaku PH: 04822-263232

വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളിന് പ്രാർഥനാനിർഭരമായ ആശംസകൾ!



MOTHER SUPERIOR & COMMUNITY

ST. AUGUSTINE'S SECULAR INSTITUTE & HOSTEL (M.I.S.I.)

RAMAPURAM PH: 04822-263305

വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളിന് പ്രാർഥനാനിർഭരമായ ആശംസകൾ

9605933359
9961076249



ഭക്തജനങ്ങൾക്ക് ഹൃദ്യമായ സ്വാഗതം!

സെന്റ് ജോസഫ്സ് ഹോട്ടൽ &

പോപ്പീസ് തട്ടുകട

മാർ ആഗസ്തീനോസ് കോളജിന് എതിർവശം രാമപുരം

Good Food രാമപുരം

INDIAN ARABIAN CHINESE

7 AM to 11 PM 123 Seats

BUS PARKING

Deepanalam Weekly

RNI No : 16998/68
Vol. 57 ■ No. 31 ■ Date of Publication 3 October 2024
■ Annual Subscription Rate ₹ 400 (For Abroad ₹ 4500)

Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment



# രാമപുരം സെന്റ് അഗസ്റ്റിൻസ് ഫൊറോനപള്ളിയിൽ
# വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ
# (ഫാ. അഗസ്റ്റിൻ തേവർപറമ്പിൽ) തിരുനാൾ

## 2024 ഒക്ടോബർ 7 തിങ്കൾ മുതൽ 16 ബുധൻ വരെ

## പ്രധാന തിരുനാൾ 2024 ഒക്ടോബർ 16 ബുധനാഴ്ച



**അഗതികളെയും ആലംബരഹിതരെയും മക്കളായി കരുതി പുരോഹിതശുശ്രൂഷയ്ക്ക് പുതിയ മാനം നൽകി എളിയവരുടെ അപ്പസ്തോലനായി ദീർഘ കാലം സേവനം ചെയ്ത വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ (ഫാ. അഗസ്റ്റിൻ തേവർപറമ്പിൽ) തിരുനാൾ 2024 ഒക്ടോബർ 7 തിങ്കൾ മുതൽ 16 ബുധൻവരെ ആഘോഷിക്കുന്നു. വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ കബറിടത്തിങ്കൽ വന്ന് പ്രാർഥിക്കാനും അനുഗ്രഹങ്ങൾ പ്രാപിക്കാനും ഏവരേയും സ്നേഹപൂർവം ക്ഷണിക്കുന്നു.**

എന്ന് പള്ളിക്കാര്യത്തിൽനിന്ന്,

**റവ. ഫാ. ബർക്കുമാൻസ് കുന്നുംപുറം** (വികാരി)
**റവ. ഫാ. എബ്രാഹം കാക്കാനിയിൽ** (സഹവികാരി)
**റവ. ഫാ. ജോൺ മണാങ്കൽ** (സഹവികാരി)
**റവ. ഫാ. തോമസ് വെട്ടുകാട്ടിൽ** (വൈസ് പോസ്റ്റുലേറ്റർ)
**റവ. ഫാ. ജൊവാനി കുറുവാച്ചിറ** (സഹവികാരി)
**റവ. ഫാ. ജോർജ് പറമ്പിത്തടത്തിൽ** (ഹോസ്റ്റൽ വാർഡൻ)

**തോമസ് പുളിക്കപ്പടവിൽ, സജി മിറ്റത്താനിക്കൽ, മാത്തുക്കുട്ടി തെങ്ങുംപള്ളിൽ, സിബി മുണ്ടപ്ലാക്കൽ** *(കൈക്കാരന്മാർ)*

## തിരുനാൾ തിരുക്കർമങ്ങൾ

### 2024 ഒക്ടോബർ 07 തിങ്കൾ

9.00 am : **വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്**
**വെരി റവ. ഫാ. ഡോ. ജോസഫ് കുറ്റിയാങ്കൽ**
(പാലാ രൂപത ചാൻസലർ)
10.30 am : **തീർത്ഥാടനം – മാതൃവേദി, പിതൃവേദി പാലാ രൂപത**
11.00 am : **വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്**
**റവ. ഫാ. ജോസഫ് നരിതൂക്കിൽ**
(ഡയറക്ടർ, ഫാമിലി അപ്പസ്തോലേറ്റ്, പാലാ രൂപത)
3.30 pm : **തീർത്ഥാടനം** (കുറിഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽനിന്ന്)
4.00 pm : **വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്**
**റവ. ഫാ. ജോസഫ് കളപ്പുരയ്ക്കൽ**
(വികാരി, സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, കുറിഞ്ഞി)

### 2024 ഒക്ടോബർ 08 ചൊവ്വ

9.00 am : **വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്**
**റവ. ഡോ. ജോർജ് ഞാറക്കുന്നേൽ**
(മരിയൻ മെഡിക്കൽ സെന്റർ , അരുണാപുരം)
10.30 am : **തീർത്ഥാടനം** (കൊണ്ടാട് സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽനിന്ന്)
11.00 am : **വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്**
**റവ. ഫാ. ജോസ് കുന്നപ്പള്ളി**
(വികാരി, സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, കൊണ്ടാട്)
2.30 pm : **തീർത്ഥാടനം** (ജിയോവാലി സെന്റ് ജോർജ് ഇടവകയിൽനിന്ന്)
3.00 pm : **വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്**
**റവ. ഫാ. മാത്യു തടത്തിൽ** (വികാരി, സെന്റ് ജോർജ് ചർച്ച്, ജിയോവാലി)
4.00 pm : **തീർത്ഥാടനം** (കരൂർ സേക്രട്ട് ഹാർട്ട് ഇടവകയിൽനിന്ന്)
4.30 pm : **വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്**
**റവ. ഫാ. ഫിലിപ്പ് കുളങ്ങര** (വികാരി, സേക്രഡ് ഹാർട്ട് ചർച്ച്, കരൂർ)

### 2024 ഒക്ടോബർ 09 ബുധൻ

9.00 am : **വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്**
**റവ. ഡോ. ജോസഫ് മുകളേപറമ്പിൽ**
(ജുഡീഷ്യൽ വികാർ, പാലാ രൂപത)
10.30 am : **തീർത്ഥാടനം** (ചിറ്റാർ സെന്റ് ജോർജ് ഇടവകയിൽനിന്ന്)
11.00 am : **വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്**
**റവ. ഫാ. സ്കറിയ മോടിയിൽ** (വികാരി, സെന്റ് ജോർജ് ചർച്ച്, ചിറ്റാർ)
2.30 pm : **തീർത്ഥാടനം** (പൂവക്കുളം സെന്റ്മേരീസ് ഇടവകയിൽനിന്ന്)
3.00 pm : **വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്**
**റവ. ഫാ. ജോർജ് കൊട്ടാരത്തിൽ**
(വികാരി, സെന്റ് മേരീസ് ചർച്ച് പൂവക്കുളം)
4.00 pm : **വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്**
**റവ. വെരി. മോൺ. ബോബി അലക്സ് മണ്ണംപ്ലാക്കൽ**
(വികാരി ജനറാൾ, കാഞ്ഞിരപ്പള്ളി രൂപത)

### 2024 ഒക്ടോബർ 10 വ്യാഴം

9.00 am : **വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്**
**വെരി റവ. മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്**
(വികാരി ജനറാൾ, പാലാ രൂപത)
10.30 am : **തീർത്ഥാടനം** (മൂഴൂർ സെന്റ് മേരീസ് ഇടവകയിൽനിന്ന്)
11.00 am : **വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്**
**റവ. ഫാ. മാത്യു കാലായിൽ** (വികാരി, സെന്റ് മേരീസ് ചർച്ച്, മൂഴൂർ)
3.30 pm : **തീർത്ഥാടനം** (കടപ്ലാമറ്റം സെന്റ്മേരീസ് ഇടവകയിൽനിന്ന്)
4.00 pm : **വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്**
**റവ. ഫാ. ജോസഫ് മുളഞ്ഞനാൽ**
(വികാരി, സെന്റ് മേരീസ് ചർച്ച്, കടപ്ലാമറ്റം)

### 2024 ഒക്ടോബർ 11 വെള്ളി

9.00 am : **വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്**
**റവ. ഫാ. ജോസഫ് ആലഞ്ചേരിൽ**
(വൈസ് പ്രിൻസിപ്പൽ, മാർ ആഗസ്തീനോസ് കോളജ്, രാമപുരം)
10.30 am : **തീർഥാടനം** (അന്ത്യാളം സെന്റ് മാത്യുസ് ഇടവക)
11.00 am : **വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്**
**റവ. ഫാ. കുര്യൻ ആനിത്താനം** (വികാരി, സെന്റ് മാത്യുസ് ചർച്ച്, അന്ത്യാളം)
3.30 pm : **തീർത്ഥാടനം** (ഏഴാച്ചേരി സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഇടവക)
4.00 pm : **വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്**
**റവ. ഫാ. ലൂക്കോസ് കൊട്ടുകാപ്പള്ളി**
(വികാരി, സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ചർച്ച് , ഏഴാച്ചേരി)

### 2024 ഒക്ടോബർ 12 ശനി – കർഷകദിനം

9.00 am : **വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്**
**റവ. ഫാ. മാത്യു കോരംകുഴ** (മാനേജർ , SJCET ചൂണ്ടച്ചേരി)
10.30 am : **തീർത്ഥാടനം** (കയ്യൂർ ക്രിസ്തുരാജ് ഇടവകയിൽനിന്ന്)
11.00 am : **വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്**
**റവ. ഫാ. ജീവൻ കദളിക്കാട്ടിൽ** (വികാരി, ക്രിസ്തുരാജ് ചർച്ച്, കയ്യൂർ)
2.30 pm : **കർഷകദിനാചരണം, കർഷകസമ്മേളനം, കാർഷികോത്പന്നസമർപ്പണം, കൃഷിയിടങ്ങൾക്കായി വാഴ്ത്തപ്പെട്ട കുഞ്ഞച്ചനോട് മധ്യസ്ഥപ്രാർഥന** (എ.കെ.സി.സി. , കർഷകവേദി, ഇൻഫാം,പിതൃവേദി,ഡിസിഎംഎസ് എന്നീ സംഘടനകളുടെ ആഭിമുഖ്യത്തിൽ)
4.00 pm : **കൊടിയേറ്റ്**
4.15 pm : **വി.കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്**
**മാർ ജോർജ് മഠത്തിക്കണ്ടത്തിൽ** (കോതമംഗലം രൂപത മെത്രാൻ)
6.00 pm : **ജപമാലപ്രദക്ഷിണം, പുറത്തുനമസ്കാരം**

### 2024 ഒക്ടോബർ 13 ഞായർ

5.00 am : **ആഘോഷമായ വി. കുർബാന, സന്ദേശം**
6.00 am : **സപ്രാനമസ്കാരം**
6.15 am : **ആഘോഷമായ വി. കുർബാന, സന്ദേശം, നൊവനേ, ലദീഞ്ഞ്**
7.50 am : **വി. കുർബാന**
9.30 am : **വി. കുർബാന**
10.30am : **ആഘോഷമായ വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്**
**വെരി. റവ. ഫാ. അഗസ്റ്റിൻ അരഞ്ഞാണിപുത്തൻപുര**
(വികാരി, സെന്റ് അഗസ്റ്റിൻസ് ഫൊറോനാപ്പള്ളി, കടനാട്)
12.00 noon: **തീർത്ഥാടനം** (കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത് മറിയം ആർച്ചുഡീക്കൻ തീർഥാടന ദൈവാലയത്തിൽനിന്ന്)
12.30 pm : **ആഘോഷമായ വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്**
**വെരി റവ. ഫാ. അഗസ്റ്റിൻ കൂട്ടിയാനിയിൽ**
(ആർച്ചുപ്രീസ്റ്റ്, മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത് മറിയം ആർച്ചുഡീക്കൻ തീർഥാടനദൈവാലയം, കുറവിലങ്ങാട്)
2.00 pm : **തീർത്ഥാടനം – ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരി, പാലാ**
2.30 pm : **ആഘോഷമായ വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്**
**വെരി റവ. ഡോ. ജേക്കബ് വടക്കേൽ**
(റെക്ടർ, ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരി, പാലാ)
4.00 pm : **ആഘോഷമായ വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്**
**മാർ ജേക്കബ് മുരിക്കൻ** (പാലാ രൂപത മുൻ സഹായമെത്രാൻ)

### 2024 ഒക്ടോബർ 14 തിങ്കൾ ദൈവവിളി പ്രാർഥനാദിനം

9.00 am : **ആഘോഷമായ വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്**
**റവ. ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ**
(വികാരി, സെന്റ് ജോസഫ് ചർച്ച്, അന്തീനാട്)
10.30 am : **തീർത്ഥാടനം** (നീറന്താനം സെന്റ് തോമസ് ഇടവകയിൽനിന്ന്)
11.00 am : **വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്**
**റവ. ഫാ. എമ്മാനുവൽ കൊട്ടാരത്തിൽ**
(വികാരി, സെന്റ് തോമസ് ചർച്ച്, നീറന്താനം)
2.30 pm : **തീർത്ഥാടനം** (ചക്കാമ്പുഴ ലൊരേത്തു മാതാ ഇടവകയിൽനിന്ന്)
**റവ. ഫാ. ജോസഫ് വെട്ടത്തേൽ**
(വികാരി, ലൊരേത്തുമാതാ ചർച്ച്, ചക്കാമ്പുഴ)
4.00 pm : **വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്**
**വെരി റവ. മോൺ. എബ്രാഹം പുറയാറ്റ്**
(വികാരി ജനറാൾ, ഇടുക്കി രൂപത)

### 2024 ഒക്ടോബർ 15 ചൊവ്വ

9.00 am : **വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്**
**റവ. ഫാ. ജോർജ് പുല്ലുകാലായിൽ**
(സെക്രട്ടറി, കോർപറേറ്റ് എജ്യുക്കേഷണൽഏജൻസി, പാലാ)
10.30 am : **കരിസ്മാറ്റിക് പ്രേഷിതസംഗമം** (പാലാ രൂപത)
11.00 am : **വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്**
**റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ**
(ഡയറക്ടർ, ഇവാഞ്ചലൈസേഷൻ, പാലാ രൂപത)
**ദിവ്യകാരുണ്യ ആരാധന**
4.00 pm : **തീർത്ഥാടനം** (ഐങ്കൊമ്പ് സെന്റ് തോമസ് ഇടവകയിൽനിന്ന്)
4.30 pm : **വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്**
**റവ. ഫാ. തോമസ് ഇല്ലിമൂട്ടിൽ** (വികാരി, സെന്റ് തോമസ് ചർച്ച്, ഐങ്കൊമ്പ്)

### 2024 ഒക്ടോബർ 16 ബുധൻ – പ്രധാന തിരുനാൾ

6.00 am : **സപ്രാനമസ്കാരം**
6.15 am : **വി. കുർബാന**
7.15 am : **ആഘോഷമായ വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്**
9.00 am : **നേർച്ച വെഞ്ചെരിപ്പ്**
10.00 am : **ആഘോഷമായ തിരുനാൾ കുർബാന, സന്ദേശം**
**മാർ ജോസഫ് കല്ലറങ്ങാട്ട്** (പാലാ രൂപത മെത്രാൻ)
10.30 am : **പാലാ രൂപത DCMS പദയാത്ര, വെള്ളിലാപ്പള്ളി, RVM സ്കൂൾ, SH ഹൈസ്കൂൾ ജംഗ്ഷൻ, മഞ്ചാടിമറ്റം സ്കൂൾ എന്നിവിടങ്ങളിൽനിന്ന് പള്ളിയിലേക്ക്**
11.45 am : **ഡിസിഎംഎസ് പദയാത്രയ്ക്കു സ്വീകരണം**
12.00 Noon: **തിരുനാൾ പ്രദക്ഷിണം**
1.30 pm : **ആഘോഷമായ വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്**
**റവ. ഫാ. ജോസ് വടക്കേക്കൂറ്റ്** (ഡയറക്ടർ ഡിസിഎംഎസ് പാലാ രൂപത)
4.30 pm : **ആഘോഷമായ വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്**
**വെരി. റവ. ഫാ. തോമസ് മണ്ണൂർ** (റെക്ടർ, മാർ അപ്രേം സെമിനാരി, പാലാ)

---

**തിരുനാളിനൊരുക്കമായുള്ള തിരുക്കർമങ്ങൾ ഒക്ടോബർ 7 തിങ്കളാഴ്ച ആരംഭിക്കുന്നു.**

**വാഴ്ത്തപ്പെട്ട കുഞ്ഞച്ചനോടുള്ള ഭക്തിനേർച്ചയായി വീട് എഴുന്നള്ളിക്കുന്നതിനും അടിമ വയ്ക്കുന്നതിനും സൗകര്യമുണ്ടായിരിക്കും.**

**തിരുനാൾ ദിവസങ്ങളിൽ നേർച്ചയപ്പം കൗണ്ടറിൽനിന്നു വാങ്ങാവുന്നതാണ്**

**വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ ചിത്രത്തോടുകൂടിയ 2025 ലെ കലണ്ടർ ബുക്സ്റ്റാളിൽ ലഭ്യമായിരിക്കും.**

**പ്രധാന തിരുനാൾ ദിവസമായ ഒക്ടോബർ 16–ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണി മുതൽ വൈകിട്ട് 5 മണിവരെ നേർച്ചഭക്ഷണം വിതരണം ചെയ്യുന്നതായിരിക്കും.**

**തീർത്ഥാടകസംഘങ്ങൾ മുൻകൂട്ടി അറിയിച്ചാൽ തിരുനാളവസരങ്ങളിലൊഴികെ വിശ്രമത്തിനും ഭക്ഷണത്തിനുമുള്ള സ്ഥലസൗകര്യം ഒരുക്കിക്കൊടുക്കുന്നതാണ്.**

**വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ വിവിധ ഭാഷകളിലുള്ള ജീവചരിത്രഗ്രന്ഥങ്ങൾ, ഫോട്ടോകൾ, കീചെയിനുകൾ, മോതിരങ്ങൾ, രൂപങ്ങൾ തുടങ്ങിയവ കുഞ്ഞച്ചൻ സ്റ്റാളിൽനിന്നു ലഭിക്കുന്നതാണ്.**

**വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ മാധ്യസ്ഥ്യം വഴി ലഭിക്കുന്ന അനുഗ്രഹങ്ങൾ വിശദമായി എഴുതി ഓഫീസിൽ അറിയിക്കണമെന്നു താത്പര്യപ്പെടുന്നു.**

**Vice Postulator, Cause of Blessed Kunjachan**
**St. Augustine's Forane Church, Ramapuram**
**Ramapuram Bazar P.O. - 686 576**
**Mob: 9446 204 240, 8590750312, 8590184402, 730 648 4040**
**www.blessed kunjachan.com**
**Email: blessedkunjachan@gmail.com**
**Facebook: thevarparampilkunjachan**

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
. Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org